# സ്റ്റാറ്റസ് റിപ്പോർട്ട് 2025-26

<u>വടവന്നൂരിന്റെ വിവരണം</u>

വടവന്നൂർ ഗ്രാമപഞ്ചായത്ത് 10° 37' 09''നും 10° 38' 30''നും മദ്ധ്യ വടക്ക് അക്ഷാംശത്തിലും 76° 40' 53''നും 76° 43' 46'' നും മദ്ധ്യേ കിഴക്ക് രേഖാംശത്തിലും സ്ഥിതിചെയ്യുന്ന വടവന്നൂര്, നെന്മാറ നിയോജകമണ്ഡലത്തിലെ ചിറ്റൂർ താലൂക്കിൽ ഉൾപ്പെടുന്ന കാർഷികമേഖലയാണ് വെങ്കുവനാട്. ( വേങ്ങനാട് സ്വരൂപം) നാട്ടു രാജ്യത്തിൻറ ഭാഗമായിരുന്ന വടവന്നൂർ അക്കാലത്തെ പ്രമാണികുടുംബങ്ങൾക്കു നാട്ടുരാജാക്കന്മാർ കരം ഒഴിവാക്കി ദേഹണ്ഡ അവകാശങ്ങളോടെ ഒഴിഞ്ഞു കൊടുത്തിരുന്ന ഭൂമിയായിരുന്നു കിഴക്കൻവടവന്നൂർ വടക്കേ അതിർത്തിയിൽ പട്ടഞ്ചേരി പുതുനഗരം പഞ്ചായത്തുകളും കിഴക്കു ഭാഗത്തു പട്ടഞ്ചേരി, മുതലമട പ്രദേശവും പടിഞ്ഞാർ പല്ലശ്ശേന പഞ്ചായത്തും തെക്കു ഗായത്രിപുഴയും സ്ഥിതിചെയ്യുന്നു. പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 1961 ഡിസംബർ 28ാം തിയ്യതിയാണ് വടവന്നൂർ ഗ്രാമ പഞ്ചായത്ത് നിലവിൽ വന്നത്.വടവന്നൂർ വില്ലേജിൽ ഉൾപ്പെടുന്ന ഈ ഗ്രാമപഞ്ചായത്തിെൻ്റആകെ വിസ്തീർണ്ണം 17.38 ച.കി.മീറ്ററാണ്.

വടവന്നൂർ ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം സമതല പ്രദേശങ്ങളാണ്. വടക്ക് പടിഞ്ഞാറ് ഭാഗത്തേക്ക് ചെറിയതോതിൽ ചരിവ് കാണപ്പെടുന്നു നെല്ലിയാമ്പതി മലനിരകളിൽ നിന്നും ഉത്ഭവിക്കുന്ന ഗായത്രി പുഴ ഈ പഞ്ചായത്തിൻറ തേക്കെഅതിർത്തിയിലൂടെ കിഴക്കു നിന്ന് പടിഞ്ഞാറെക്ക് ഓഴുകുന്നു നിലവിൽ മൂന്ന് മുഖ്യ ജലസേചന പദ്ധതികളാണ് മീങ്കര ജലസേചന പദ്ധതി, പഞ്ചായത്ത് ജലസേചനപദ്ധതി, ഗുണഭോക്തൃകുടിവെള്ള പദ്ധതി എന്നിവ വടവന്നൂരിലെ കുടിവെള്ളക്ഷാമത്തിന് ഒരു പരിദ്ധിവരെ കുടിവെള്ളപ്രശ്നത്തിന് പരിഹാരം കാണുന്നു.

ഉഷ്ണമേഖല പ്രദേശമായ ഈ പഞ്ചായത്തിൽ താരതമ്യേന നല്ലരീതിയിൽ മഴ ലഭിക്കുന്ന ഭൂപ്രകൃതിയാണ് ശരാശരി ഒരു വർഷം 250–300 സെ.മി വരെ മഴ ലഭിക്കുന്ന ഭൂപ്രദേശമാണിത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് തെക്ക്-പടിഞ്ഞാറൻ കാലവർഷത്തിൽ നിന്നാണ് വേനൽക്കാലം കൂടുതൽ അനുഭവപ്പെടുന്ന ഈ ഗ്രാമപഞ്ചായത്തിൽ മഴയെ ആശ്രയിച്ചാണ് കാർഷിക മേഖല നിലകൊള്ളുന്നത് കാലവർഷം മതിയായതോതിലും തുലാവർഷം ചിലപ്പോൾ കുറച്ചും അനുഭവപ്പെടാറുണ്ട്.ചൂടും വരൾച്ചയും,കാറ്റും ഈ മേഖലയിൽ കൂടുതൽ ഉണ്ടാകുന്നു.

**<u>പൊതുഭരണവും ധനകാര്യവും</u>**

ജനറൽ വിഭാഗത്തിൽ പദ്ധതി വിഹിതമായി **13626385** രൂപയും, 15 ാം ധനകാര്യ കമ്മീഷൻ ധനസഹായമായി **7285676** രൂപയും **2075000** (ബേസിക്ക്) **5210676** രൂപയും (ടൈഡ്) പ്രത്യേക ഘടക പദ്ധതിയിനത്തിൽ **13219615** രൂപയും, പട്ടികവർഗ്ഗ വിഭാഗത്തിൽ 0 രൂപയും കൂടി ആകെ **34131676** രൂപ അപ്പെൻഡിക്സ് 4 പ്രകാരം സംസ്ഥാനസർക്കാരിന്റെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. അതുപോലെതന്നെ റോഡ് മെയിന്റനൻസ് ഇനത്തിൽ **18523000** രൂപയും നോൺ റോഡ് മെയിന്റനൻസ് ഇനത്തിൽ **5018000** രൂപയും കൂടി ആകെ **23541000** രൂപയും ആകെ വികസന ഫണ്ട് + മെയിന്റനൻസ് ഫണ്ട് **57672676** ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ശുചീകരണ പ്രവർത്തികൾ ചെയ്യുന്നതിനായി വാർഡ് അടിസ്ഥാനത്തിൽ സമ്പൂർണ്ണ ശുചിത്വ മിഷനിൽ നിന്ന് വാർഡൊന്നിന് 10,000 രൂപ പ്രകാരം മൊത്തം 1,30,000 രൂപ ലഭിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുക്കുന്ന പണി പൂർത്തീകരിക്കുന്ന സമയത്ത് ആവശ്യപ്പെടുന്ന സംഖ്യ നൽകിയിട്ടുള്ള പ്രകാരം ഈ സാമ്പത്തിക വർഷം നാളിതുവരെ 2 കോടി 41 ലക്ഷം രൂപ ചെലവ് ചെയ്തിട്ടുണ്ട്. 2024–25 സാമ്പത്തിക വർഷത്തേക്ക് 120811000 കോടി രൂപയുടെ ആക്ഷൻ പ്ലാൻ രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തികളുടെ എണ്ണം 965, പഞ്ചായത്തിലെ 20 തോടുകളുടെ സംരക്ഷണത്തിന്റെ ഭാഗമായി കയർഭൂവസ്ത്രം വിരിക്കുന്നതിനും, 2 നഴ്സറികൾ, 19 റോഡ് കോൺക്രീറ്റിംഗ്, 20 കിണർ റീച്ചാർ, സമ്പൂർണ്ണ ശുചിത്ത്വത്തിൻ്റ ഭാഗമായി 32 കംമ്പോസ്റ്റ് പിറ്റ്, 171 സോക്ക് പിറ്റുകളുടെ നിർമ്മാണം, 28 തൊഴുത്ത്, 25 ആട്ടിൻകൂട്, 40 കോഴിക്കൂട് എന്നീ മെറ്റീരിയൽ വർക്കുകൾ ഈ വർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിട്ടുള്ളതും ആയതിന് അഗീകാരം ലഭിച്ചിട്ടുണ്ട്.

STATUS REPORT 2025-2026

പഞ്ചായത്തിന്റെ നികുതി നികുതിയേതരയിനത്തിൽ 4990000 ലക്ഷം രൂപ പ്രതീക്ഷിത വരവായി കാണുന്നു. 2018-19, 2019-20 സാമ്പത്തികവർഷങ്ങളിൽ 100 % നികുതി പിരിച്ചെടുക്കുവാൻ കഴിഞ്ഞ പഞ്ചായത്തിന് 2020-201, 2021-22 സാമ്പത്തിക വർഷം കോവിഡ്-19 നെ തുടർന്നുണ്ടയ ലോക്ക്ഡൌൺ കാരണം 100 ശതമാനം നികുതി നികുതിയേതരയിനത്തിലുള്ള വരുമാനം പരിച്ച് എടുക്കുന്നതിന് സാധിച്ചിട്ടില്ല.

100 ശതമാനം പദ്ധതി ചെലവ് എന്ന ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 75 ശതമാനത്തോളം പദ്ധതി ചെലവ് ചെയ്യുവാൻ സാധിച്ചു. മികച്ച പഞ്ചായത്തിനുള്ള അവാർഡാണ് പ്രധാന ലക്ഷ്യം .

STATUS REPORT 2025-2026

<u>കൃഷി, തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം മുതലായവ</u>

ഇന്നത്തെ അവസ്ഥ

a) നെൽകൃഷി

വടവന്നൂര് പഞ്ചായത്തിൽ മൊത്തം വിസ്തൃതി ആയ 1738 ഹെക്ടറിൽ 2005-2006 വരെ ആയിരത്തി ഇരുനൂറ്റി മുപ്പതു (1230 Has) ഹെക്ടറിൽ രണ്ടു വിള കാലയളവുകളിലും കൃഷി ചെയ്തുടർന്ന് ജലലഭ്യതക്കുറവുമൂലവുകൃഷിയിടങ്ങൾ ഉപേക്ഷിക്കപ്പെടുകയും ചെയ്തതുമൂലം നെൽകൃഷി യഥാവിധം ഒന്നാം വിള കാലയളവിൽ790 ഹെക്ടറും രണ്ടാം വിള കാലയളവിൽ 700 ഹെക്ടറും ആയി ചുരുങ്ങിയിരിക്കുന്നു .എന്നാൽ 2020-21 കാലഘട്ടത്തിൽ 810 ഹെക്ടറിലേക്ക് നെൽകൃഷി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

വരുന്ന വർഷം ഒന്നാം വിള 850 ഹെക്ടറായും, രണ്ടാം വില കാലയളവിൽ 830 ഹെക്ടറും വർദ്ധിപ്പക്കുന്നതിന് ആവശ്യമായ സൌകര്യങ്ങൾ കർഷകർക്ക് ചെയ്തുകൊടുക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്ത് വരുന്നു. നെൽകൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യം പരിമിതമാണ് കൂടാതെ നിലവിലെ കനാൽ സംവിധാനങ്ങൾ ദീർഘ കാലമായി അറ്റകുറ്റപ്പണികൾ ചെയ്യാതെജല വിതരണത്തെ ഒട്ടും സഹായിക്കുന്ന രീതിയിലുള്ളതല്ല.

b) നാളികേരം വാഴ എന്നീ കര കൃഷികൾ

സ്ഥായിയായ കര ഭൂമിയിലും ദീർഘ കാലമായി നികത്തപ്പെട്ടുപോയ ഭൂമിയിലും നാളികേരം വാഴ എന്നിവ കൃഷി ചെയ്തുവരുന്നു.എന്നാൽ ഇവ വ്യാപകമാകുന്നില്ല.

c) ഇഞ്ചി മഞ്ഞൾ എന്നിവയുടെയും സുഗന്ധ വിളകളുടെയും കൃഷി

നിലവിൽ വളരെ ചെറിയ വിസ്തൃതിയിൽ മാത്രമേ ഇഞ്ചി മഞ്ഞൾ എന്നിവ കൃഷിചെയ്തുവരുന്നുള്ളൂ ഇവർക്ക് പരിമിതമായി മാത്രമേ ആനുകൂല്യങ്ങൾ സാധിക്കുന്നുള്ളൂ രണ്ടാം വില കാലയളവിൽ ഇഞ്ചി കൃഷി നടത്തുന്നവർ ഉണ്ടെങ്കിലും വേണ്ടുന്ന അത്ര അളവിൽ ഉത്പാദനം ലഭിക്കുന്നില്ല ഇഞ്ചി മഞ്ഞൾ എന്നീ വിളകൾ കൃഷി ചെയ്യുവാൻ സാധ്യമായ 10 ഹെക്ടറോളം ഭൂമി നിലവിൽ ഉണ്ട് രണ്ടാം വിള കാലയളവിലും വേനൽക്കാലത്തും കൃഷി യോഗ്യമായ ഭൂമിയിൽ സംസ്ഥാന ഹോർട്ടിക്കലർ മിഷന്റെ സഹായത്തോടു കൂടി ഇഞ്ചി മഞ്ഞൾ എന്നിവ കൃഷി ചെയ്യുവാനുള്ള പദ്ധതികൾ രൂപീകരിക്കേണ്ടതാണ്

I) മുഖ്യ ജലസംഭരണികൾ നിന്നുള്ള വിതരണ ശ്രുിങ്കലകൾ എന്നിവയുടെ പോരായ്മകൾ

മീങ്കര ജലസേചന പദ്ധതി,ചിറ്റൂർ പുഴ എന്നീ ജലസേചന പദ്ധിയില്ലിന്നാണനിലവിൽ കൃഷിക്ക് ജലസേചനം നടത്തുന്നത്

II) ജലസേചനവിതരണ സൗകര്യങ്ങളുടെ അപര്യാപ്തത

നിലവിലെ രണ്ടു മുഖ്യ ജലസേചനപദ്ധതി കളുടെയും വിതരണ കാര്യക്ഷമത തുലോം പരിമിതമാണ് മെയിൻ കനാലുകളുടെ അറ്റകുറ്റ പണികൾ കനാലുകൾ തകർന്നു കിടക്കുന്ന പ്രദേശങ്ങളിലെ പുനർനിർമാണ പ്രവർത്തനങ്ങൾ സബ് കനാലുകളുടെയും കാട കനാലുകളുടെയും അറ്റകുറ്റപണികൾ റെഗുലേറ്ററുകൾ ഷട്ടറുകൾ എന്നിവയുടെ ശോചനീയ അവസ്ഥ എന്നിവയെല്ലാം കാരണങ്ങളാണ് എന്നാൽ കർഷകർ ദീർഘ കാലമായി ആവശ്യപ്പെടുന്ന മുഖ്യ പദ്ധതികളായ പാലകപാണ്ടി തെന്മല സീതാര്കുണ്ട് എന്നീ പ്രദേശങ്ങളിൽ നിന്നും ലഭ്യമാകുന്ന മഴ വെള്ളം ചാലുകൾ വഴി ചുള്ളിയാറിൽ എത്തിക്കുന്ന ഒരു പദ്ധതിയും, ചുള്ളിയാർ ഡാമിൽ നിന്നു മീങ്കര ലിങ്ക് കനാലിൽ കൂടി വെള്ളമെത്തിക്കുകയും ചെയ്യുന്ന പദ്ധതികൾ പൂർത്തീകരിച്ചാൽ മാത്രമേ മുകളിൽ പ്രതിപാദിച്ച കനാൽ സംവിധാനം ഫലവത്തായി ഉപയോഗിക്കുവാൻ സാധ്യമാവൂ.

III) ചെക്കുഡാമുകളുടെ അവസ്ഥ

നമ്മുടെ പഞ്ചായത്തിൽ ആറ് ചെക്കുഡാമുകൾ ഉണ്ട് (1) ഊട്ടറ (2) വി.പി.തറ നിലംപതി (3) ആലംമ്പള്ളം(4) കാരപ്പറബ് (5) മടത്തുനാറ (6) കോഴിക്കുത്തി എന്നീ പ്രദേശങ്ങളിൽ ഉള്ളവയും അറ്റകുറ്റപ്പണികൾ ചെയ്തു ബലപ്പെടുത്തേണ്ടതാകുന്നു .

v) തരിശ് നിലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുവാൻ സാധ്യമാവാത്തതു

നെൽകൃഷിക്ക് പ്രത്യേക പരിഗണന നൽകേണ്ട ഒരു കാലഘട്ടത്തിലാണ് നാം നിലനിൽക്കുന്നത് നെൽകൃഷിയുടെ അളവ് ഗണ്യമായി കുറഞ്ഞുവരികയാണ്പുനർകൃഷിയിലേക്കു . തിരികെകൊണ്ടുവരുന്ബാ അവ ശാശ്വതമല്ആയതിനാൽ പോലുള്ള പ്രദേശത്ത് അവ പുനസ്ഥാപിക്കുവാൻ പ്രത്യേക ഇടപെടൽ വേണം.തരിശ് കൃഷിക്ക് നൽകിവരുന്നത് നാമമാത്രമായ സാമ്പത്തിക സഹായമാണ്എന്നാൽ ഒരേക്കർ തോർന്നു കിടക്കുന്നതു തരിശായി നിലനിൽക്കുന്നതു . ആയ നെൽവയൽ വരമ്പുകൾ പുനര്നിര്മിക്കുന്നത് കള നിർമാർജനം ജലആഗമന നിർഗമന സംവിധാനം എന്നീ ചെലവുകൾക്ക് ഏക്കറിന് ഒരു ലക്ഷം രൂപയെങ്കിലും വരും.

vi) യന്ത്രങ്ങൾ ഉപകരണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിലെ അലംഭാവം

ജനകീയാസൂത്രണ പദ്ധതിയിൽ കൂടി ബ്ലോക്കുപഞ്ചായത്തു മുഖേന വാങ്ങുന്ന ഉപകരണങ്ങൾ, ഗ്രാമപഞ്ചായത്ത് വാങ്ങുന്ന ഉപകരണങ്ങൾ എന്നിവ ഒന്നുകിൽ കാലഹരണപ്പെട്ടതോ അതുമല്ലെങ്കിൽ പ്രവർത്തിപ്പിക്കാനോ അറ്റകുറ്റപ്പണികൾ നടത്തി പുനരുയോഗത്തിനു ലഭ്യമാക്കണമെന്നോ ഉള്ള ആസൂത്രണം ഇല്ലാതെയാണ്യതിനാൽ ലക്ഷക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ നശിക്കുവാൻ . ഇടയാകുന്നു.അവ കുട്ടുത്തരതവാദിത്തത്തോടുകൂടി കൈകാര്യം ചെയ്യുവാൻ ഉള്ള സംവിധാനങ്ങൾ പാടശേഖര സമിതികളോ കർഷക സംഘടനകളോ സൃഷ്ടിട്ടിക്കുന്നില്ല, കൃഷി ഉപകരണങ്ങൾ സൂക്ഷിക്കുവാൻ കൃഷി ഓഫീസിന് സമീപം ഗ്ഡോൺ സൌകര്യം നിർമ്മിക്കണം.

vii) കൃഷി മേഖലയിലെ മറ്റു പ്രശ്നങ്ങൾ

1) സുമാർ നൂറോളം ഹെക്ടറിൽ കൃഷി ചെയ്യാതെയും അവ അനധികൃതമായി നികത്തുവാനും ഇതര ആവശ്യങ്ങൾക്ക് നിയമവിരുദ്ധമായി ഉപയോഗിക്കുവാനും ഉള്ള പ്രവണത വർധിച്ചു വരുന്നു.
2) നെൽപാടങ്ങൾ ദീർഘകാലമായി തരിശ്ശിട്ടിരിക്കുന്നവർ ഇവിടെ സ്ഥിരതാമസം ഇല്ലാത്തവർ എന്നിരിക്കെ ഇവരെ പാടശേഖര സമിതിയുടെയും പഞ്ചായത്ത് കൃഷി വകുപ്പ് എന്നിവരുടെ പദ്ധതികളിൽ കൂടി പൊതു നെൽകൃഷി സംമ്പ്രദായത്തിലേക്കു കൊണ്ടുവരുവാൻ ഇനിയും സാധിച്ചിട്ടില്ല. തരിശ്ശിട്ടിരിക്കുന്നവരുടെ ഭൂമിയിൽ കുടുംബശ്രീ മുഖേന കൃഷി നടത്തുവാൻ ആവശ്യമായക്രമീകരണങ്ങൾ സ്വീകരിക്കണം.
3) അമിതമായ രാസവള പ്രയോഗവും അനവസരത്തിലും തീർത്തും ഉചിതമല്ലാത്തതുമായ രാസവസ്തുക്കളുടെ പ്രയോഗവും മണ്ണിന്റെ ആരോഗ്യത്തെ കാര്യമായി ബാധിച്ചിരിക്കുന്നു.

STATUS REPORT 2025-2026

4) നെൽക്കൃഷിക്കു ഉപയോഗിക്കാവുന്ന ജലാശയങ്ങളും കുളങ്ങളും തൂർന്നു കിടക്കുന്നതും നിലവിൽ മണ്ണു മാറ്റുവാനുള്ള പ്രക്രിയ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും നിർവഹിക്കുവാൻ നിയമ തടസ്സങ്ങൾ ഉണ്ട്.
5) സ്വകാര്യ ഉടമസ്ഥതയിലുള്ള കുളങ്ങളും ജലാശയങ്ങളും കർഷകർക്ക് ഉപയുക്തമാക്കുവാനുള്ള നടപടികൾ ആരംഭിക്കേണ്ടിയിരിക്കുന്നു
6) നിലവിലെ നെൽമേഖല ക്രമേണ പച്ചക്കറിക്കൃഷിയിലേക്കു മാറുന്നത് കൂടുതലായി കണ്ടുവരുന്നു . കൂടുതലും പാവൽ പടവല, പയർ, മത്തൻ, കുമ്പളം വെള്ളരി എന്നിവ താരതമ്യേന കുറഞ്ഞ അളവിലും കൃഷി ചെയ്തുവരുന്നു.
7) പച്ചക്കറിക്കൃഷിനിലവിൽ വിപണന സൗകര്യം ഉണ്ടെങ്കിലും അവ ന്യമായ വില കർഷകർക്കു നേടിക്കൊടുക്കുന്നുവോ എന്ന് സംശയമാണ്.
8) ഇടനില സംവിധാനത്തെ പൂർണമായി ഒഴിവാക്കി കമ്പോള ലേല രീതികൾ ഇനിയും കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നുഒരു ഏകീകൃത വിപണന സംവിധാനം ഉള്ളത് കൂടുതൽ . .ഊർജിതപ്പെടുത്തേണ്ടിയിരിക്കുന്നു
9) മറ്റു കൃഷികളായ നാളികേരം തോട്ടവിളകൾ പഴവര്ഗങ്ങള് കിഴങ്ങുവർഗങ്ങൾ ഔഷദഹ്കൃഷി എന്നിവ പരിമിതമായ തോതിൽ മാത്രമാണ്.
10) വടവന്നൂര് ഒരു ഊർജിതമായ പാലുൽപ്പാദന മേഖലയാണ്ഇവിടെ ശക്തമായ ഒരു വില്പന . സംവിധാനം ഉള്ളതിനാൽ ആ മേഖല കാര്യക്ഷമമായി തന്നെ പ്രവർത്തിക്കുന്നു. അവ ഇനിയും വിപുലപ്പെന്റുത്തേണ്ടിയിരിക്കുന്നു കൂടാതെ മുട്ടക്കോഴി മീൻവളർത്താൽ എല്ലാം വികസിപ്പിച്ചെടുക്കാവുന്ന മേഖലകളാണ്

നിലവിലെ അവസ്ഥക്കുള്ള കാരണങ്ങൾ

1) പരിമിതമായ ജലലഭ്യത, ജലസേചന പദ്ധതി കളുടെ കാര്യക്ഷമത അറ്റകുറ്റപ്പണികൾ പുനർനിർമാണം നവീകരണം എന്നിവയുടെ അപര്യാപ്തത
2) നെൽവയൽ നിയമം കർശനമായി പാലിക്കുവാനുള്ള കൃഷി ഭവൻ ഉൾപ്പെടെയുള്ള മറ്റു ഓഫീസുകളുടെയും വകുപ്പുകളുടെയും പരിമിതി
3) ഭാവനനിര്മാണത്തിനായുള്ള അനുവദിനീയമായ ഭൂമിയുടെ ആവശ്യകത
4) പച്ചക്കറിയുൾപ്പെടെയുള്ള ഏകവിലാസംബ്രദായം
5) കർഷകർക്കായി വകയിരുത്തിയിട്ടുള്ള ഉഴവുകൂലി സാമ്പത്തിക സഹായം സമയബന്ധിതമായി നൽകുവാൻ സാധയമാവാതെ വന്നത്
6) പലിശരഹിത വായ്പകൾ കൂടുതൽ കർഷകർക്ക് ലാഭയമാക്കുവാൻ സാധയമാവാതെ വരുന്നത് കൃഷി നാശത്തിനുള്ള ആനുകൂല്യം വില ഇൻഷുറൻസ് തുകേ ഉൾപ്പെടെയുള്ള സാമ്പത്തിക സഹായം സമയബന്ധിതമായി നൽകുവാനുള്ള ബുദ്ധിമുട്ടുകൾ
7) കർഷകപെൻഷൻ സമയബന്ധിതമായി നൽകുവാനുള്ള പരിമിതികൾ
8) സാങ്കേതികവും ആരോഗ്യപരവുമായ വില പരിപാലന രീതികൾ കർഷകർക്ക് പകർന്നു നൽകുവാനും വിഷ രഹിതമായ ഉല്പാദന ഉപാധികളും മാര്ഗങ്ങളും ഉൽബോധിപ്പിക്കുവാൻ ഉള്ള പരിമിതികൾ
9) പച്ചക്കറി നാളികേരം എന്നിവയ്ക്ക് ലഭിക്കാവുന്ന മാന്യമായ വില ലാഭമാക്കുന്നതിൽ ഉള്ള പരിമിതികൾ
10) കർഷകർക്ക് പ്രയോജനം ലഭിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുവാനുള്ള പദ്ധതികളുടെ അഭാവം
11) സാങ്കേതികമായ മണ്ണുപരിശോദജാന വിലാപരിപാലം ആരോഗ്യ പ്രകൃതി സൗഹാർദ്ദ വിലാപരിപാലന മുറകൾ പുതിയ ഇനം പച്ചക്കറികളുടെ കൃഷി രീതികളെക്കുറിച്ചുള്ള അറിവില്ലായ്മ എന്നിവ യും കാരണങ്ങളാണ്

പ്രശ്നപരിഹാരവും ജനങ്ങളുടെ ആവശ്യങ്ങളും

STATUS REPORT 2025-2026

vii) രണ്ടാം വിള കാലയളവിൽ കൃഷി ചെയ്യുവാനുതകുന്ന മൂപ്പ കുറഞ്ഞ ഇനം വിത്തുകൾ സമയബന്ധിതമായി ലഭ്യമാക്കുക

viii) ഇൻഷുറൻസ് പരിരക്ഷ വരൾച്ചമൂലമായുള്ള കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം ഉഴവുകൂലി ആനുകൂല്യം എന്നിവ സമയബന്ധിതമായി നൽകുക

ix) കൂടുതൽ പച്ചക്കറി ഇനങ്ങൾ വീട്ടുവളപ്പിൽ തന്നെ കൃഷി ചെയ്യുവാനുള്ള മൈക്രോ ക്ലസ്റ്ററുകൾ രൂപികരിച്ച് കൃഷി ഉപാധികൾ അവ വഴി വിതരണം ചെയ്ത് ചെറുകിട വീട്ടുവളപ്പിലെ കൃഷിയെ പ്രോത്സാഹിപ്പിക്കുത്

x) തീർത്തും നാമമാത്ര കർഷകർക്ക് പ്രയോജനം ചെയ്യുന്ന രീതിയിൽ പച്ചക്കറി കൃഷി കഴിവളർത്താൽ ആട് വളർത്തൽ എന്നിവയും അടുക്കള മാലിന്യം കാർഷിക മാലിന്യം എന്നിവ വളമാക്കി മാറ്റുവാനുള്ള സമ്മിശ്ര കാർഷിക യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നൽകുക

xi) റിവോള്വിങ് ഫണ്ടുകൾ കാര്യക്ഷമമായും കർശനമായും ഏവർക്കും പ്രയോജനം ചെയ്യുന്ന രീതിയിലും പുനർചംക്രമണം നടത്തുക

xii) നിലവിലെ ജലപദ്ധതികൾ കാര്യക്ഷമമാക്കുവാനും അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുക

xiii) ലിഫ്റ്റ് ഇറിഗേഷൻ പദ്യത്തികൾ ഉപയുക്തമാക്കുക

xiv) നെൽകർഷകരുടെ ജലസേചനം ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യം ഏർപ്പെടുത്തുവാൻ നെൽവികസന ഏജൻസി ജില്ലാ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് മറ്റു കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഇവ സംയോജിപ്പിച്ചുകൊണ്ടുള്ള പാഡ്ജാതികളില് രൂപം നൽകുക

xv) പൊതുവായി നാമമാത്ര കർഷകർക്കും പരിമിത കർഷകർക്കും പ്രയോജനം ചെയ്യുന്ന രീതിയിൽ ഉത്പന്ന വിതരണ സംവിധാനം വിപണന സൗകര്യം ഹ്രസ്വ വായ്പകൾ എന്നിവ ലഭ്യമാകുന്ന രീതിയിൽ ഉള്ള അഗ്രിക്കള്ച്ചർ ഇമ്പ്രോവെമെന്റ് സൊസൈറ്റിക്ക് രൂപം നൽകുകയും അവക്ക് പദ്ധതി വിഹിതമായി റിവോള്വിങ് ഫണ്ട് സൗകര്യവും ഏർപ്പെടുത്തുകയും ചെയ്യുക

പഞ്ചായത്തു തലത്തിൽ നടത്തിയകാർഷിക പദ്ധതി

പ്രവർത്തനങ്ങൾ അവയുടെ നേട്ടങ്ങൾ

i) നെൽകർഷകർക്ക് സുസ്ഥിരനെല്കൃഷി വികസന പദ്ധതി പ്രകാരംസാമ്പത്തിക ആനുകൂല്യം നൽകി

ii) പാടശേഖരങ്ങളുടെ പ്രവർത്തനത്തിന് പ്രവർത്തന ഫണ്ട് നൽകി

iii) മണ്ണപരിശോധനയും ശാസ്ത്രീയവളപ്രയോഗം വിലാപരിപാലനം എന്നിവയിൽ സാങ്കേതികമായ ഇടപെടലുകൾ നടത്തി കർഷകപെന്ഷന്,ഇൻഷുറൻസ്എന്നിവ . കൂടുതൽ വർധിച്ച ലാവയിൽ നൽകിവരുന്നു

iv) സംസ്ഥാന ഹോർട്ടികള്ചറൽ മിഷൻ ജെയ്‌വ കൃഷി എന്നിവയിൽ കൂടി ലാഭയമാകുന്ന പദ്ധതി സഹായം ലഭ്യമാക്കി

v) നമ്മുടെ പഞ്ചായത്തിൽ പുതുതായി രൂപീകരിച്ച പച്ചക്കറി ക്ലസ്റ്റർ ഉൾപ്പെടെ രണ്ടു എ ഗ്രേഡ് ക്ലസ്റ്ററുകൾക്കും മൂന്നു സപ്പോർട്ടിങ് ക്ലസ്റ്ററുകൾക്കും സാമ്പത്തികസഹായം നൽകിവരുന്നു

vi) നാളികേര വികസന പദ്യത്തികൾ പച്ചക്കറിക്കുള്ള റിവോള്വിങ് ഫണ്ട് പച്ചക്കറിയ വികസന പദ്ധതികളിൽകൂടി മഴമറകൂൾ ചെമ്പരുകൾ ജെയ്‌വ വല നിർമാണ യൂണിറ്റ് എന്നിവക്ക് സാമ്പത്തിക സഹായം നൽകിവരുന്നു

vii) കർഷകർക്കുള്ള പെൻഷൻ ഒരുലക്ഷം യുവാക്കൾക്ക് കാര്ഷികമേൽഘലയിൽ തൊഴിൽ എന്ന പറത്തി പെൻഷൻ എന്നിവ ലാഭയമാക്കുന്നു

കൃഷി ഭവന്റെ പദ്ധതി നിർവഹണത്തിലും പ്രവർത്തനത്തിലും വന്ന പോരായ്മകൾ

i) ഉഴവുകൂലി യുടെ വിതരണത്തിൽ കാലതാമസം വന്നുസർക്കാരിന്റെ പുതിയ സാംഖ്യ എന്ന . പദ്ധതി യിൽകൂടി സാമ്പത്തികസഹായം നൽകുന്ന സോഫ്റ്റ്‌വെയർ സംവിധാനം മൂലമുണ്ടായ കാലതാമസം ആണ് കാരണം

STATUS REPORT 2025-2026

ii) നെല്ലൾപ്പെടെയുള്ള മേഖലയിൽ ശാസ്ത്രീയവും സാങ്കേതികവുമായ ഇടപെടലുകൾ നടത്തുവാൻ കാലതാമസം വന്നു

iii) പച്ചക്കറി മൂല്യവർധിതഉൽപ്പനശാല ഇക്കോഷോപ് എന്നിവ ഇനിയും പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല

iv) ജലസേചനാസംവിധാനത്തിന്റെ നവീകരണത്തിനായി സമർപ്പിച്ച ഇരുപത്തിമൂന്നുലക്ഷം രൂപയുടെ പദ്ധതിക്ക് സാമ്പത്തിക ധൗര്ലഭ്യം മൂലം പാലകകേന്ദ്ര ആഫീസുകളുടെ അനുമതി ലഭിച്ചിട്ടില്ല

v) നെല്ലുകര്ഷകര് അവരവരുടെ നെൽ വയലുകൾ നികത്തിയും തരിശിടുകയും ചെയ്യുകയും ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കുകയും ചെയ്യുന്ന പ്രവണത കണ്ടുവരുന്നു.

vi) ഒരേ കൃഷിയിടങ്ങളിൽ വിവിധ ആനുകൂല്യങ്ങൾക്കപേക്ഷ നൽകുന്നതും നിർവഹണത്തിന് കാലതാമസം വരുത്തുന്നതാണ്

vii) സൗജന്യ വൈദ്യുതി യുടെ ഉണഭോക്താക്കൾ ഇതര ആവശ്യങ്ങൾക്കായി വൈദ്യുതി ഉപയോഗിക്കുന്നത് ക്രമമല്ലാത്ത രീതിയിൽ അവരവരുടെ ഉപയോഗം നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടിരുന്നു

viii) പച്ചക്കറി കൃഷിക്കാർക്ക് അവർ പ്രതീക്ഷിക്കുന്ന തോതിൽ പദ്ധതി സഹായം നൽകുവാൻ സാധ്യമാവാത്ത പദ്ധതികളാണ് വകുപ്പ് പുറപ്പെടുവിക്കുന്നത്പദ്ധതികളുടെ രൂപകല്പന . കൊട്ടത്താൽ പ്രയോജനകരമാക്കണമെന്നു അഭിപ്രായം ഉള്ളതാണ്

ix) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും നിർവഹണ ഘടനയും പച്ചക്കറികര്ഷകര്ക്കു കൂടി പ്രയോജനം ലഭിക്കുന്ന രീതിയിലും വളരെ അധികം ചെലവേറിയ പന്തൽ കൃഷിക്കാർക്ക് ഗണ്യമായ രീതിയിൽ പ്രയോജനം ലഭിക്കുന്ന രീതിയിൽ പുനർക്രമീകരണം ചെയ്യേണ്ടതാകുന്നു

x) കഴിഞ്ഞ നാല്പതിലേറെ വർഷമായി ഇല്ലായിരുന്ന വന്യജീവികളുടെ ശല്യം അതിരൂക്ഷമാവുന്നു ഇപ്പോൾ പഞ്ചായത്തിലെ തൊണ്ണൂറു ശതമാനം കൃഷിയിടത്തിലും സംഭവിക്കുന്നുപഞ്ചായത്തിലെ മൊത്തം വാർഷിക കാർഷിക .നഷ്ടം സുമാർ ആറ് . കോടിയോളം വരും ആയതിനു യാതൊരു മുൻകരുതലുകൾ പരിരക്ഷ സഹായധനം ലഭിക്കാറില്ലഒരേക്കർ പച്ചക്കറി ഭാഗികമായി നശിക്കുമ്പോൾ വനം വകുപ്പ് അയ്യായിരം . രൂപമാത്രമാണ് നൽകുന്നത്.ആയതിനാൽ സംരക്ഷിത /പ്രധിരോധ മാര്ഗങ്ങള് പഞ്ചായത്തിലെ പ്രശ്ന ബാധിത പ്രദേശങ്ങളിൽ മാത്രമെങ്കിലും നടത്തേണ്ടതായുണ്ട് ഇതിനു മുകയ്യെടുക്കാത്തതു കൃഷി ഭവന്റെ പോരായ്മ തന്നെയാണ്

വടവന്നൂര് പഞ്ചായത്തിലെ പ്രത്യേക കാർഷിക പാക്കേജ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചു നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്ത് വിഭവ വിന്യാസ സംഗം വിലയിരുത്തുകയുണ്ടായി താഴെ വിവരിക്കുന്ന പ്രവർത്തനങ്ങളാണ് ഈ വര്ഷം മുതൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്

കരക്കൃഷിയുടെ പ്രോത്സാഹനം

1) വാഴ കിഴങ്ങുവർഗങ്ങൾ ഇഞ്ചി മഞ്ഞൾ എന്നിവയുടെ കൃഷി
2) ഇവ ഭക്ഷ്യ സുരക്ഷാഗ്രൂപ്പുകൾ മുഖേന നടത്തപ്പെടുന്നതായിരിക്കും
3) എസ് സി ഫണ്ടുകൾ ഉപയോഗിച്ച് ജനകീയാസൂത്രണ പദ്ധതിയിൽകൂടി നടപ്പിലാക്കുവാനുദ്ദേശിക്കുന്നു.
4) പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഗ്രൂപ്പുകളെ രജിസ്റ്റർ ചെയ്യിച്ചു അവ ബാങ്കുകളുടെ വായ്പ്പാ സംവിധാനമായി ബന്ധിപ്പിച്ചു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.
5) യൂണിറ്റാടിസ്ഥാനത്തിൽ യൂണിറ്റൊന്നിനു രൂപ പതിനായിരം കുറഞ്ഞത് ഇരുപത്തിയഞ്ചു സെന്റിൽ കൃഷിചെയ്യുവാൻ സാധിച്ചിരിക്കണം
6) കൃഷി ആരംഭിച്ചു ശരാശരി ഉത്പാദനം ലഭ്യമായാൽ മാത്രമേ പൂർണമായ അളവിൽ ആനുകൂല്യം ലഭ്യമാവുകയുള്ളൂ
7) ഗ്രൂപ്പുകൾ സമർപ്പിക്കേണ്ട അപേക്ഷയുടെ മാതൃക ഇതോടൊപ്പം ചേർക്കുന്നു

STATUS REPORT 2025-2026

8) ഇവയിൽ വാഴ ഇഞ്ചി മഞ്ഞൾ പൈൻ ആപ്പിൾ എന്നിവ കൃഷി ചെയ്യുന്ന കർഷകർ സമയോചിതമായി കുറഞ്ഞത് അൻപതുസെന്റിൽ കൃഷി ചെയ്യുന്നപക്ഷം അവർക്കു സംസ്ഥാന ഹോർട്ടിക്കലർ മിഷൻ ഇന്റെ സാമ്പത്തിക ആനുകൂല്യം നൽകുന്നതാണ്
9) ഇവയിൽ പച്ചക്കറി കൃഷി കുറഞ്ഞത് ഇരുപത്തിയഞ്ചു സെന്റിൽ കൃഷി ചെയ്യുന്ന പക്ഷം കുറഞ്ഞത് ഒരു പ്രദേശത്തു ഒരു ഹെക്ടറിൽ കൃഷി ചെയ്യുവാൻ സാധ്യമായാൽ പച്ചക്കറി വികസന പദ്ധതിക്കുള്ള ആനുകൂല്യം അവർക്കു ലഭ്യമാക്കുന്നതാണ്
10) സംസ്ഥാന ഹോർട്ടിക്കലർ മിഷൻ പദ്ധതി പ്രകാരം പ്ലാസ്റ്റിക് പടുത്ത വിരിച്ച കുളങ്ങൾ നിര്മിക്കുവാനും ആനുകൂല്യം നൽകുന്നതാണ്
11) പച്ചക്കറി കൃഷി വികസന പദ്ധതിയിൽ കൂടി തുള്ളി കണികാ ജലസേചന സംവിധാനം ശീതീകരണ അറ ഫാമിലി തുള്ളിജലസേചനം എന്നിവക്കുള്ള ആനുകൂല്യത്തിനും അർഹതയുണ്ടായിരിക്കും

തരിശു ഭൂമിയിലെ നെൽകൃഷി വ്യാപനം

മൊത്തം പഞ്ചായത്തിലെ തരിശ്ശിട്ടിരിക്കുനിന്ന ഇടങ്ങളിൽ പത്തു ഹെക്ടർ സ്ഥലത്തിൽ തരിശു നെൽകൃഷി പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി കൃഷി ഇറക്കുവാൻ ലക്ഷ്യമിടുന്നു

മേൽ വിവരിച്ച പ്രദേശങ്ങളിൽ അതാതു പാടശേഖരസമിതികളുടെ മേൽനോട്ടത്തിൽ വനിതാ ഗ്രൂപ്പുകൾ രൂപീകരിക്കും

1) അഞ്ചു വര്ഷം നീണ്ടുനിൽക്കുന്ന കരാർ സ്ഥലമുടമയുമായി ഏർപ്പെടും
2) സ്ഥലമുടമക്ക് ഏക്കറിന് മൂവായിരം എന്ന തോതിൽ പാട്ടക്കൂലി നൽകും
3) വിത്ത് വളം എന്നിവ സബ്സിഡി നിരക്കിൽ കൃഷി ഭവനിൽ നിന്നും നൽകണം
4) ആയതിനാൽ ഗ്രൂപ് കൺവീനർ മാർക്ക് കൃഷി ഭവനിൽ അപേക്ഷ നൽകാവുന്നതാണ്
5) സാമ്പത്തിക സഹായ തുക ബാങ്ക് അക്കൗണ്ട് വഴി മാത്രമായി നൽകപ്പെടും
6) കൃഷിപ്പണികൾ ബ്ലോക്ക് തല കിസാൻ മഹിളാ ശാക്തീകരണ പ്രയോജന വഴി നിർവഹിക്കും
7) തരിശു നെൽകൃഷി ആനുകൂല്യത്തിനുപുറമെ ഉഴവുകൂലി സുസ്ഥിര നെൽകൃഷി വികസന പദ്ധതി എന്നിവയിൽകൂടി ആനുകൂല്യം നൽകുന്നതാണ്

ഭൂമിയെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ

| ക്രമ നമ്പർ | വകുപ്പ് | | വിവരണം |
|---|---|---|---|
| 1 | മൊത്തം ഭൂമിയുടെ വിസ്തൃതി | | 17.38 km square |
| 2 | കൃഷിയോഗ്യമായ ഭൂമി | | 1397 Has |
| 3 | നെൽവയൽ | | 1280 has |
| | i) | കൃഷിയോഗ്യമായവ | 1280 Has |
| | ii) | കൃഷിചെയ്യുന്നവ | 969 Has |
| | i) | സ്ഥായിയായ തരിശ് | 21 Has |
| | ii) | ഒരുപ്പൂ തരിശ് | 0 Has |
| | iii) | ഇരുപ്പൂ തരിശ് | 0 Has |
| | iv) | പുഞ്ചപ്പാടങ്ങൾ | nil |
| | vi) | പരിവർത്തനപ്പെടുത്തിയ തരിശ് | 10 Has |
| 4 | കരഭൂമി | | 240 Has |

STATUS REPORT 2025-2026

| | | | | |
|---|---|---|---|---|
| | iii) കൃഷിയോഗ്യമായവ | 134 Has | | |
| | iv) കൃഷിചെയ്യുന്നവ | 92 Has | | |
| | v) തോട്ടവിളകൾ | 64 Has | | |
| | vi) വാർഷിക വിളകൾ | 30 Has | | |
| | vii) പൊതു ഉടമസ്ഥതയിലുള്ള കരഭൂമി | 3.4 Has | | |
| 5 | ഉപയോഗശൂന്യമായ പൊതു കുളങ്ങളും ജലാശയങ്ങളും :<br>എണ്ണം : 62<br>വിസ്തൃതി : 14 Has | വിശദമായ ലിസ്റ്റ് ചുവടെ ചേർത്തിരിക്കുന്നു | | |
| | ഉപയോഗ്യമായ പൊതു കുളങ്ങളും ജലാശയങ്ങളും<br>എണ്ണം : 12<br>വിസ്തൃതി : 26 Has | വിശദമായ ലിസ്റ്റ് ചുവടെ ചേർത്തിരിക്കുന്നു | | |
| 6 | പുഴകളുടെ എണ്ണം : 1<br>പുഴകളുടെ മൊത്തം നീളം : | ഗായത്രി<br>9,000 met | | |
| 7 | പുഴകളുടെ കൈവഴികളുടെ ( തോടുകളുടെ) നീളം | 14,200 met | | |
| 8 | സർക്കാർ വക ഭൂമി<br>സർക്കാർ തരിശുഭൂമി | 0.5 Has<br>4 Has | | |
| | പുഴകളും തോട്ടുകളും ജലാശയങ്ങളും ഉൾപ്പെടുന്ന വിസ്തൃതി | 148 Has | | |
| 9 | വനഭൂമി | 0 has | | |
| 10 | അനുവദിനീയമായ പാറമട | 0 | | |
| 11 | അനുവദനീയമായ ഇഷ്ടികച്ചൂള | 0 | | |
| 12 | പ്രാദേശിക ഇടപെടലുകൾ മൂലം നെൽകൃഷിക്ക് ഉപയുക്തമാകാവുന്ന വയൽഭൂമി | 0 has | | |
| 13 | പദ്ധതി സഹായം മൂലം കൃഷിയോഗ്യമാക്കാവുന്ന നെൽവയൽ | 214 Has | | |
| 14 | നിയമനടപടികളിൽകൂടി കൃഷിചെയ്യാവുന്ന നെൽവയൽ | 0 Has | | |
| 16 | നിലവിൽ ജലസേചന പദ്ധതികളുമായിബന്ധിപ്പിച്ചിരിക്കുന്ന നെൽക്കൃഷിയിടങ്ങൾ | 1397 Has | | |
| 17 | സ്വകാര്യ ജലസേചന സൗകര്യം ഉള്ളനെൽക്കൃഷിയിടങ്ങൾ | 278 Has | | |
| 18 | യാതൊരു ജലസേചനസൗകര്യവും ഇല്ലാത്തനെൽക്കൃഷിയിടങ്ങൾ | 0 Has | | |
| 19 | ഉപയോഗ്യമായ സ്വകാര്യ ഉടമസ്ഥതയിലുള്ള കുളങ്ങൾ / ജലാശയങ്ങൾ | കുളങ്ങൾ | 58 | 19 Has |
| | | ജലാശയങ്ങൾ | 7 | 4.6 Has |
| 20 | ഉപയോഗ്യസൂന്യമായ സ്വകാര്യ ഉടമസ്ഥതയിലുള്ള കുളങ്ങളും ജലാശയങ്ങളും /എണ്ണം/വിസ്തൃതി | കുളങ്ങൾ | 24 | 8 Has |
| | | ജലാശയങ്ങൾ | nil | nil |
| 21 | ഉപയോഗ്യമായ പൊതുടാങ്കുകൾ / തുറന്ന കിണറുകൾ | പൊതുടാങ്കുകൾ | nil | |
| | | തുറന്ന കിണറുകൾ | 120 | |
| 22 | ഉപയോഗ്യമായ സ്വകാര്യ ഉടമസ്ഥതിയുള്ള | ടാങ്കുകൾ | nil | |

| | | | |
|---|---|---|---|
| | തുറന്ന കിണറുകൾ | തുറന്ന കിണറുകൾ | 1282 |
| | ജലസേചന സൗകര്യങ്ങളുടെ അഭാവം മൂലം കൃഷി നശിക്കുന്ന വിസ്തൃതി | 2016-17 – 128 Has<br>2017-18 – | |
| | ചിറ്റൂർ പുഴ ജലസേചന പദ്ധതിയുടെ ഗുണഭോക്തൃ പ്രദേശം | 178 Has | |
| | ജലസേചന മീൻകര പദ്ധതിയുടെ ഗുണഭോക്തൃ പ്രദേശം | 832 Has | |
| | മൊത്തം നീർത്തടം | 7 | |
| | വില്ലേജിലെ മൊത്തം തണ്ടപ്പേരുകൾ | 3482 | |

STATUS REPORT 2025-2026

<u>കർഷകരെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ</u>

| ക്രമ നമ്പർ | വകുപ്പ് | വിവരണം |
|---|---|---|
| 1 | മൊത്തം കർഷക കുടുംബങ്ങൾ | 1257 |
| 2 | കർഷകരുടെ എണ്ണം<br>i) വലിയ കർഷകർ<br>ii) ചെറുകിട കർഷകർ<br>iii) നാമമാത്ര കർഷകർ<br>iv) പരിമിത കർഷകർ | <br>70<br>331<br>856<br>0 |
| 3 | പ്രതിശീർഷ വരുമാനം<br>i) വലിയ കർഷകർ<br>ii) ചെറുകിട കർഷകർ<br>iii) നാമമാത്ര കർഷകർ<br>iv) പരിമിത കർഷകർ | <br>Rs.4,60,000<br>Rs.1,26,000<br>Rs.96,000<br>Rs.0 |
| 4 | കർഷകപെൻഷൻഗുണഭോക്താക്കൾ | 267 |
| 5 | തൊഴിലുറപ്പ പ്രവൃത്തി ദിനങ്ങൾ | 67 |
| 6 | വാർഷിക തൊഴിലാളി വിന്യാസം | 90000 |
| 7 | ഭൂരഹിതർ | no data |
| 8 | ശരാശരി വേതനം പുരുഷൻ | Rs.650/day |
| 9 | ശരാശരി വേതനം സ്ത്രീകൾ | Rs.320/day |
| 10 | രജിസ്റ്റർ ചെയ്ത കർഷാകത്തൊഴിലാളി കളുടെ എണ്ണം | no data |
| 11 | യന്ത്രോപകരണങ്ങളുടെ മൊത്തം പ്രവൃത്തി ദൈർഘ്യം | 20000 Hrs |
| 12 | അന്യ സംസ്ഥാനത്തൊഴിലാളി പ്രവൃത്തി ദിനം | 36000 |
| 13 | കൃഷിഭൂമിയിൽ സ്വന്തമായി പണിയുന്നവർ | 1,84,320 mandays<br>12 X 64 Has X 240 |
| 14 | ഹെക്ടർ അടിസ്ഥാനത്തിൽ തൊഴിലാളി വിന്യാസം | no data |

<u>ആരോഗ്യം</u>

1. ഇന്നത്തെ അവസ്ഥ

വടവന്നൂർ ഗ്രാമ പഞ്ചായത്ത് ആരോഗ്യമേഖലയിൽ നേരിടുന്ന പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനം മഴക്കാല രോഗങ്ങളും, ജീവിതശൈലി രോഗങ്ങളുമാണ്. പരിസരശുചിത്വമില്ലായ്മയും സ്ത്രീകളിലെയും കുട്ടികളിലെയും പോഷകാഹാരക്കുറവും പ്രധാനവെല്ലുവിളികളാണ്.

നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത അവയ്ക്കുള്ള കാരണങ്ങൾ

മഴക്കാലത്തുണ്ടാകുന്ന സാംക്രമിക രോഗങ്ങൾക്ക് കാരണം പരിസര ശുചീകരണ പ്രവർത്തനങ്ങളുടെ അഭാവമാണ്. ശുചീകരണപ്രവർത്തനങ്ങളുടെ കുറവ്മൂലമാണ്, കൊതുക് ജന്യ രോഗങ്ങളും,ജലജന്യരോഗങ്ങളും ഉണ്ടാകുന്നത്. യുവതലമുറയുടെ അലസതയും അധ്വാനശീലക്കുറവും, ഫാസ്റ്റ്ഫുഡ് സംസ്കാരവും ജീവിതശൈലി രോഗങ്ങൾ കൂടുവാൻ കാരണമാകുന്നു. ആരോഗ്യകരമായ ആഹാര രീതികളെക്കുറിച്ചുള്ള അറിവില്ലായ്മ സ്ത്രീകളിലെയും കുട്ടികളിലെയും പോഷകാഹാരക്കുറവിന് കാരണമാകുന്നു.

2. പ്രശ്ന പരിഹാരമാർഗ്ഗങ്ങളും, ജനങ്ങളുടെ ആവശ്യങ്ങളും

കൊതുക് ജന്യരോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഊർജ്ജിതമായ പരിസര ശുചീകരണ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ശക്തമായി നടപ്പിലാക്കുക ,മാലിന്യങ്ങൾ ഉറവിട സ്ഥലങ്ങളിൽ തന്നെ സംസ്കരിക്കുന്നതിന് ബയോഗ്യാസ്പ്ലാന്റ്, മണ്ണിര കമ്പോസ്റ്റ്, സോക്കേജ് പിറ്റ്, ജൈവവളനിർമ്മാണം, പൈപ്പ് കമ്പോസ്റ്റ് എന്നിവ പ്രോത്സാഹിപ്പിക്കുകയും, നടപ്പിലാക്കുന്ന തിനാവശ്യമായ ബോധവത്ക്കരണപരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യുക .

കൊതുക നശീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉറവിട നശീകരണം, ഡ്രൈഡെ ആചരണം ആവശ്യ ഘടകങ്ങളിൽ സ്പ്രേയിംഗ്, ഫോഗിംഗ് എന്നിവ നടത്തണം. കൃഷി വകുപ്പിൻറെയും മൃഗ സംരക്ഷണ വകുപ്പിൻറെയും സഹകരണത്തോടെ എലി നശീകരണ പ്രവർത്തനങ്ങൾ സന്നദ്ധ പ്രവർത്തകരുടെ സഹകരണത്തോടെ ചെയ്യുക .

എല്ലാ പകർച്ച വ്യാധികളെ നിയന്ത്രിക്കുന്നിതും വാർഡ്തലത്തിൽ അതാത് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സമയാസമയങ്ങളിൽ സർവ്വേ നടത്തി ആക്ഷൻപ്ലാൻ തയ്യാറാക്കി പ്രവർത്തനം നടത്തേണ്ടതുണ്ട്. ബാനർ, നോട്ടീസ്, മൈക്ക് പ്രചരണം എന്നിവയോടൊപ്പം വാർഡ് തല ആരോഗ്യ സേനകൾ വഴി ഓരോവീട്ടിലും ആരോഗ്യ ബോധവത്കരണ നിർദ്ദേശം നൽകണം. പകർച്ചവ്യാധികൾ പകരാൻ ഇടയാക്കുന്ന സന്ദർഭം സൃഷ്ടിക്കുന്നവർക്ക് എതിരേയും, പൊതു സ്ഥലം വൃത്തികേടാക്കുന്നവർക്കെതിരേയും നിയമ നടപടികൾ ഉണ്ടാക്കേണ്ടതാണ് .

ജീവിതശൈലി രോഗങ്ങളും, പോഷകാഹാര കുറവ് മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ , പരിഹരിക്കുന്നതിന് ജീവിതശൈലി രോഗ നിർണ്ണയ ക്യാമ്പുകളും ,ന്യൂട്രീഷൻ ബോധവത്ക്കരണ ക്ാമ്പുകളും ആവശ്യമെങ്കിൽ യോഗ, ജിംനേഷ്യം പോലുള്ള വ്യായാമ മുറകളും കൈക്കൊള്ളാവുന്നതാണ് .

കുടിവെള്ളത്തിന്റെ അപര്യാപ്തത, പ്രധാന ആരോഗ്യ പ്രശ്നങ്ങളായ വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയിഡ്, എന്നിവയ്ക്ക് കാരണമാകുന്നു .

ഗ്രാമപഞ്ചായത്തിൽ ക്ഷയ രോഗം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിരിക്കുന്നു. ക്ഷയരോഗത്തെ കുറിച്ചുള്ള അജ്ഞതയും രോഗ പ്രതിരോധത്തിനുള്ള കാലതാമസവും ദീർഘകാല

STATUS REPORT 2025-2026

ചികിത്സയോടുള്ള വിമുക്തതയും ചികിത്സ കൃത്യമായി നടത്തപ്പെടുന്നതിന് തടസ്സം നിൽക്കുന്നു. ആയത് പരിഹരിക്കാനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്.

4. പദ്ധതിക്കാലയളവിലും മുൻവർഷവും പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളും അവയുടെ നേട്ട കോട്ടങ്ങളും

1, ദേശിയ പൾസ് പോളിയോ പരിപാടി മൂലം പോളിയോ എന്ന മാരകരോഗത്തെ ഇല്ലായ്മ ചെയ്യാൻ സാധിച്ചു .

2, ഫീൽഡ് ഇമ്മ്യൂണൈസേഷൻ വഴി എല്ലാ കുട്ടികൾക്കും ഗർഭിണികൾക്കും കുത്തിവെയ്പ്പ് നൽകാൻ സാധിച്ചു .

3, മന്ത് രോഗ പ്രതിരോധ ഗുളിക വിതരണം ചെയ്യാൻ സാധിച്ചത്, രോഗ വ്യാപനം കുറയ്ക്കുന്നതിനും, അതുപോലെ ഹൈറിസ്ക് പഞ്ചായത്തിൽ നിന്നും ഒഴിവാകുന്നതിനും സാധിച്ചു .

4, അന്യ സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിപാലനത്തിന് മൈഗ്രന്റ് ക്യാമ്പുകൾ സംഘടിപ്പികപ്പിക്കുന്നതിനും, ബോധവത്കരണം വഴി മലമ്പനി, മന്ത് പോലുള്ള അസുഖങ്ങൾ മുൻകൂട്ടി കണ്ടെത്തി അവയുടെ വ്യാപനം തടയാൻ സാധിച്ചു .

5, പി.എച്ച്. സി .ഒ.പി വിഭാഗം വളരെ കാര്യക്ഷമമായി പ്രവർത്തിക്കാനും, ലാബിൽ മലമ്പനി , ഹീമോഗോബിൻ, ടി.സി.ഡി.സി, ഇ.എസ്.ആർ, ആർ .ബി.സി,ബൈൽ പിഗ്മെന്റ്, തുടങ്ങിയ പരിശോധന കാര്യക്ഷമമായി നടത്താൻ സാധിച്ചു .

6, പാലിയേറ്റീവ് കെയർ പ്രവർത്തനം വളരെ കാര്യക്ഷമമമായി നടത്താൻ സാധിച്ചു .

പഞ്ചായത്തിൽ കാര്യക്ഷമമായ മാലിന്യ സംസ്കരണ സംവിധാനം ഇല്ലാത്തത് ഒരു വലിയ പോരായ്മയാണ്. പാലിയേറ്റീവ് പരിചരണ രോഗികൾക്ക് പ്രത്യേകിച്ച് വൃക്ക രോഗികൾക്ക് ഡയാലിസിസ് സംവിധാനം സമീപത്ത് ഇല്ലാത്തത് , യാത്ര അസൗകര്യങ്ങളും വളരെ യേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നു.

5. പദ്ധതികാലയളവിൽ മറ്റ് വകുപ്പുകൾ/ ഏജൻസികൾ/ സ്ഥാപനങ്ങൾ നടത്തിയ പദ്ധതികളും അവയുടെ നേട്ട – കോട്ടങ്ങളും

ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ ഫണ്ട് ഉപയോഗിച്ച് കൃഷി മൃഗ സംരക്ഷണം വിദ്യാഭ്യാസം, സാമൂഹ്യനീതി തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തു .

വിവിധ ഏജൻസികളുടെ ഫണ്ടുകൾ യഥാസമയം ലഭ്യമാക്കാൻ കഴിയാതെ വരുന്നത് പ്രവർത്തനങ്ങൾ മന്ദീഭവിക്കാൻ ഇടയാക്കുന്നു .

6. വികസന സാധ്യതകൾ

ആശുപത്രികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തണം. രോഗനിർണ്ണയത്തിന് ആവശ്യമായ ഉപകരണങ്ങളും മറ്റും ലഭ്യമാക്കണം. ആവശ്യമായ മരുന്ന് ലഭ്യമാക്കണം. പരിസരം ശുചിയാക്കണം. പരിസര ശുചിത്വം സംബന്ധിച്ച ബോധവൽക്കരണം നടത്തണം. ലഘു വ്യായാമ മുറകൾ പഠിപ്പിക്കണം. പോഷാകാഹാരങ്ങൾ സംബന്ധിച്ച ക്യാമ്പുകളും ലഘുലേഖകളും ലഭ്യമാക്കണം

7. ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. പാലിയേറ്റീവ് കെയർ പ്രോഗ്രാം
2. മന്ത് രോഗ നിവാരണ പ്രവർത്തനങ്ങൾളും , ക്യാമ്പുകളും
3. ദേശീയ ആരോഗ്യ പരിപാടികളുടെ നടത്തിപ്പ്

STATUS REPORT 2025-2026

4. ജീവിതശൈലി രോഗ നിയന്ത്രണ പ്രവർത്തനങ്ങളും ക്യാമ്പുകളും
5. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും, മഴക്കാല രോഗങ്ങൾ തടയുന്നതിനുള്ള ശുചീകരണ ബോധവത്കരണ പ്രവർത്തനങ്ങൾ.
6. പുകയില , മയക്ക മരുന്ന് ഉപയോഗ നിയന്ത്രണം .
7. പോഷകാഹാര പ്രവർത്തനങ്ങൾ
8. ശുദ്ധമായ കുടിവെള്ള വിതരണം
9. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് രോഗ നിർണ്ണയ ക്യാമ്പുകളും ചികിത്സയും. ആവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യൽ .
10. പി.എച്ച്.സി പാലിയേറ്റീവ് പ്രോഗ്രാമിലെ രോഗികൾക്ക് രോഗ നിർണ്ണയത്തിനും ഡയാലിസിസ് പോലുള്ള ചികിത്സയും ലഭ്യമാക്കൽ
11. ക്ഷയം , കുഷ്ഠം രോഗികൾക്ക് പോഷകാഹാര കിറ്റ് വിതരണം

8 കോവിഡ്

കോവിഡ് മഹാമാരിമൂലം വടവന്നൂർ ഗ്രാമ പഞ്ചായത്തിൽ ......... മരണങ്ങൾ ഉണ്ടായിട്ടുണ്ട്. കോവിഡ് പ്രതിരോധ വാക്സിനേഷൻ നമ്മുടെ പി.എച്ച്.സി മുഖേന നൽകുന്നതിന് സാധിച്ചിട്ടുണ്ട്. വടവന്നൂർ ഗ്രാമ പഞ്ചായത്ത് വടവന്നൂർ ഫ്രൻസ് ഭവൻകേന്ദ്രീകരിച്ച് 3 വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിരുന്നു. കോവിഡ് രോഗബാധയെ പ്രതിരോധിക്കുന്നതിന് 3 പദ്ധതികൾ പഞ്ചായത്ത് ഭരണസമിതി നടപ്പിലാക്കിയിരുന്നു.

**<u>ആയുർവേദം</u>**

ഇന്നത്തെ അവസ്ഥ

ആരോഗ്യമേഖലയിൽ നേരിടുന്ന പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനം മഴക്കാല രോഗങ്ങളും, ജീവിതശൈലി രോഗങ്ങളുമാണ്. പരിസര ശുചിത്വമില്ലായ്മയും സ്ത്രീകളിലെയും കുട്ടികളിലെയും പോഷകാഹാരക്കുറവും പ്രധാന വെല്ലുവിളികളാണ് 2024-25 സാമ്പത്തിക വർഷം 3 പദ്ധതികളിലായി 11,00,000 രൂപയുടെ ആയുർവേദ മരുന്ന് ആയുർവേദാശുപത്രിക്ക് വാങ്ങി.

രോഗ കാരണങ്ങൾ

1. ശുചീകരണ പ്രവർത്തനങ്ങളുടെ കുറവ്
2. യുവതലമുറയുടെ ഫാസ്റ്റ്ഫുഡ് സംസ്കാരം, അലസത, അദ്ധ്വാന ശീലക്കുറവ് തുടങ്ങിയ ജീവിതശൈലീ രോഗങ്ങള് കൂടുവാന് കാരണമാകുന്നു.
3. ആരോഗ്യകരമായ ആഹാരരീതികളെക്കുറിച്ചുള്ള അറിവില്ലായ്മ സ്ത്രീകളിലെയും കുട്ടികളിലെയുംപോഷകാഹാരക്കുറവിന് കാരണമാകുന്നു.

മുൻവർഷത്തെ നേട്ടങ്ങളും കോട്ടങ്ങളും

1. ആശുപത്രിയ്ക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കി.
2. പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെട്ട രോഗികൾക്ക് ആവശ്യമായ അനുബന്ധ മരുന്നുകൾക്ക് പ്രത്യേകം ഫണ്ട് അനുവദിച്ചു.
3. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും ബോധവത്കരണ ക്ലാസുകളും മെഡിക്കൽ ക്യാമ്പുകളും നടത്തി
4. കോവിഡ് നിരീക്ഷണത്തിലുള്ളവർക്ക് ആയുർവേദ മരുന്ന് നൽകി

5 സ്ത്രീകളിലെ ആരോഗ്യസംരക്ഷണത്തിന് പ്രസവരക്ഷാഔഷധങ്ങൾ

വിളർച്ചതടയുന്നതിനുള്ളമരുന്നുകൾ എന്നിവ ഉൾപ്പെടുത്തി പദ്ധതി തയാറാക്കി.

STATUS REPORT 2025-2026

5. പ്രമേഹ രോഗ ചികിത്സയ്ക്ക് ആയുർവേദത്തിൽ കൂടുതൽ പേർ എത്തുന്നുണ്ടെങ്കിലും മരുന്നുകളുടെ കുറവുമൂലം എല്ലാവർക്കും കൃത്യമായി മരുന്ന് നൽകാൻ കഴിഞ്ഞ വർഷം സാധിച്ചില്ല .

പ്രശ്ന പരിഹാരമാർഗ്ഗങ്ങൾ

1. ശുചീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക. മാലിന്യനിർമ്മാർജ്ജന രീതികളെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ ശക്തമായ ബോധവത്ക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുക. കൊതുക് നശീകരണ പ്രവര്ത്തനങ്ങളോടൊപ്പം രോഗാണുനാശക ശക്തിയുള്ള ആയുർവ്വേദമരുന്നുകളുടെ കൂട്ട് പുകയ്ക്കാൻ ഉപയോഗിക്കുക
2. ജീവിതശൈലീരോഗനിർണ്ണയക്യാമ്പുകളും ആയുർവ്വേദമരുന്ന് വിതരണവും ആയുർവ്വേദ ആശുപത്രികൾ വഴി ബോധവത്ക്കരണ ക്ളാസുകളും സംഘടിപ്പിക്കുക.
3. കിടപ്പുരോഗികൾക്കുള്ള സാന്ത്വനപരിചരണപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക
4. കുട്ടികളിലെ പോഷകാഹാരക്കുറവിന് സ്കൂൾതലത്തിൽ ശരിയായ ഭക്ഷണരീതികളെ ക്കുറിച്ചും ആരോഗ്യദായകമായ ഭക്ഷണ രീതികളെക്കുറിച്ചുമുള്ള ബോധവത്ക്കരണക്ളാസുകൾ നടത്തുക
5. ജീവിത ശൈലി രോഗങ്ങളുടെ ചികിത്സക്കായി പദ്ധതി തയ്യാറാക്കേണ്ടതുണ്ട്

പദ്ധതികാലയളവിൽ മറ്റ് വകുപ്പുകൾ/ ഏജൻസികൾ/ സ്ഥാപനങ്ങൾ നടത്തിയ പദ്ധതികളും അവയുടെ നേട്ടങ്ങളും – കോട്ടങ്ങളും

1. ആയുർവ്വേദ ആശുപത്രി ഓ.പി. വഴി എല്ലാ വിധമരുന്നുകളും എല്ലാവിധമരുന്നുകളും ആവശ്യത്തിന് വിതരണം നടത്തുന്നു.
2. പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ് തലത്തിൽ മെഡിക്കൽക്യാമ്പുകൾ , ബോധവത്ക്കരണക്ളാസുകൾ പ്രതിരോധമരുന്ന് വിതരണം എന്നിവ നടത്തി
3. വൃദ്ധജനാരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകി ആവശ്യമായ മരുന്നുകൾ വിതരണം നടത്തി.

്ന കിടപ്പുരോഗികൾക്ക് എല്ലാവിധമരുന്നുകളും അവർക്കും എത്തിച്ച് കൊടുക്കുന്നു.

5. സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണത്തിനും ജീവിതശൈലീരോഗങ്ങൾക്കും പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.
6. ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനവും രോഗനിർണ്ണയത്തിന് ആവശ്യമായഉപകരണങ്ങൾ ലഭ്യമാക്കല് എന്നിവക്കും പ്രത്യേകം പദ്ധതികൾ ആവശ്യമാണ്.

വികസന സാധ്യതകൾ – ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ആശുപത്രിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തണം.
2. ആവശ്യമായ മരുന്നുകളും രോഗ നിർണ്ണയോപകരണങ്ങളും ലഭ്യമാക്കണം.
3. പകർച്ചവ്യാധി പ്രതിരോധത്തിന് ശരീരത്തെ സജ്ജമാക്കുന്ന ആഹാര രീതികളെകുറിച്ച് ബോധവത്കരണ ക്ലാസുകളും ലഘുരേഖകളും വിതരണം ചെയ്യുക .
4. ജീവിത ശൈലി രോഗ ചികിത്സയ്ക്ക മരുന്നിനോടൊപ്പം വ്യായാമ മുറകളും ശീലിപ്പിക്കുന്നതിന് ആയുർവേദ ആശുപത്രിയോട് ബന്ധപ്പെട്ട് പഞ്ചായത്ത് തലത്തിൽ ഒരു യോഗ ട്രേയിനിംഗ് സെന്റർ തുടങ്ങണം, യോഗ ട്രേയിനർക്ക് വേതനം നൽകുന്നതിന് ഡിപ്പാർട്ട്മെന്റ് തലത്തിൽ ഫണ്ട് ലഭ്യമാക്കാവുന്നതാണ് .

STATUS REPORT 2025-2026

ഹോമിയോ ആശുപത്രി

വടവന്നൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഹോമിയോ ആശുപത്രി ഇല്ല. ഹോമിയോ ചികിൽസ തേടുന്ന ധാരാളം രോഗികൾ നിലവിൽ വടവന്നൂർ ഗ്രാമപഞ്ചായത്തിൽ ഉണ്ട് ആയതിനാൽ വടവന്നൂർ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ആശുപത്രി ആരംഭിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ വരുന്ന സാമ്പത്തിക വർഷം നടത്തണം.

**ദാരിദ്ര്യ ലഘൂകരണം**

ഇന്നത്തെ അവസ്ഥ

ദാരിദ്ര്യ ലഘൂകരണ മേഖലയിൽ, ദുർബല വിഭാഗങ്ങളുടെ ജീവിത നിലവാരത്തിൽ മാറ്റം വരുത്തുന്നതിനു വേണ്ടി സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് അവർക്ക് എസ്.ജി.എസ്.വൈ പദ്ധതി പ്രകാരം വായ്പയും സബ്സിഡിയും നൽകുകവഴി തൊഴിൽ രംഗത്ത് ഗുണപരമായ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് .

പാർപ്പിട മേഖലയിൽ ഗ്രാമപഞ്ചായത്തിന് സ്വയം പര്യാപ്തത നേടാൻ കഴിഞ്ഞിട്ടില്ല .വരും വർഷങ്ങളിൽ കൂടുതൽ വീടുകൾക്കായി തുക നീക്കി വയ്ക്കേണ്ടതായി വരുന്നു .

നിലനിൽക്കുന്ന പ്രശ്നങ്ങൾ – അവയ്ക്കുള്ള കാരണങ്ങൽ

സ്ഥലമില്ലാത്തവർക്ക് വീട് നിർമ്മിക്കാനുള്ള സാമ്പത്തിക ബുദ്ധിമുട്ട് , ഭവന നിർമ്മാണ ചെലവിലുള്ള വർദ്ധനവ്, സാധന സാമഗ്രികളുടെ ലഭ്യത കുറവ്, ചെറുകിടവ്യവസായ യൂണിറ്റുകൾ തുടങ്ങുവാനുള്ള സാമ്പത്തി സാങ്കേതിക ബുദ്ധിമുട്ടുകൾ, പരിശീലനത്തിന്റെ കുറവ്.

പ്രശ്ന പരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യവും

1. സംസ്ഥാന സർക്കാരിൻറെ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി അർഹരായ കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുക.
2. നിലവിൽ വീടുള്ള അർഹരായവർക്ക മേൽപ്പുര റിപ്പയർ ചെയ്യുന്നതിനുള്ള ധനസഹായം അനുവദിക്കുക .
3. ചെറുകിട വ്യവസായം പ്രോഹത്സാഹിപ്പിക്കുന്നതിനായി ടൈലറിംഗ് യൂണിറ്റ് , കൊണ്ടാട്ട യൂണിറ്റ് , ധാന്യങ്ങൾ, മല്ലി, മുളക് പൊടിക്കുന്ന യൂണറ്റുകൾ തുടങ്ങുന്നതിനുള്ള ധനസഹായം .
4. ആശ്രയ പദ്ധതി , കുടുംബശ്രീ എന്നിവ ദാരിദ്ര്യ ലഘൂകരണ രംഗത്ത് ഫലപ്രദമായ ഇടപ്പെടൽ നടത്തുക .

പദ്ധതികാലയളവിൽ മറ്റ് വകുപ്പുകൾ/ ഏജൻസികൾ/ സ്ഥാപനങ്ങൾ നടത്തിയ പദ്ധതികളും അവയുടെ നേട്ട – കോട്ടങ്ങളും

ഇ.എം.എസ് ഭവന പദ്ധതി, ഐ.എ.വൈ ഭവനപദ്ധതി,ലൈഫ് ഭവന പദ്ധതിുടങ്ങിയവ പദ്ധതികൾ മുഖാന്തിരം ഭവനപദ്ധതികൾ നടപ്പിലാക്കീട്ടുണ്ട് . മേൽപ്പുര റിപ്പയർ, ഓട്ടോറിക്ഷ ധനസഹായം തുടങ്ങിയ പദ്ധതികളിലൂടെ ദാരിദ്ര്യ ലഘൂകരണ രംഗത്ത് ഫലപ്രദമായ ഇടപ്പെടലുകൾ നടത്തീട്ടുണ്ട് .ജനറൽ ഫണ്ടിന്റെ ലഭ്യത കുറവ് കാരണം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനറൽ വിഭാഗക്കാർക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽക്കുന്നതിന് കഴിയാതെ വരുന്നു.

STATUS REPORT 2025-2026

പട്ടികജാതി വികസനവകുപ്പ് വഴി സ്ഥലവും, വീട്ടും യഥാക്രമം വാങ്ങുന്നതിനും, നിർമ്മിക്കുന്നതിനും ധനസഹായം നല്കിയിട്ടുണ്ട്. കൂടാതെ തൊഴിൽ ഉറപ്പ് പദ്ധതിയിലൂടെ കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്.

വികസന സാധ്യതകൾ

വാസയോഗ്യമായ വീട്ടുകൾ നൽകി ദാരിദ്ര്യ ലഘൂകരിക്കുകയും ജീവിത നിലവാരം മെച്ചപ്പെടുത്തുവാനുള്ള വരുമാന സാധ്യതകൾ, ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിച്ച് വർദ്ധിപ്പിക്കുക .

ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

ഭവന പദ്ധതികൾ, ഭവന പരിഷ്കരണ പദ്ധതികൾ, വനിത സംരംഭങ്ങൾ, പട്ടികജാതി കോളനികളുടെ സമഗ്ര വികസന പദ്ധതി, കുടിവെള്ള പദ്ധതി തുടങ്ങിയവ നടപ്പിലാക്കുക വഴി പഞ്ചായത്തിന്റെ സമഗ്ര വികസനം നടപ്പിലാക്കുവാൻ സാധിക്കും.

**<u>പട്ടികജാതി വികസനം/പട്ടികവർഗ്ഗ വികസനം</u>**

വടവന്നൂര് ഗ്രാമപഞ്ചായത്തിൽ 725 പട്ടികജാതികുടുംബങ്ങളുണ്ട്.കഴിഞ്ഞകുറേ വർഷങ്ങളിലെ പഞ്ചവത്സരപദ്ധതികളിലൂടെ പട്ടികജാതി വികസനത്തിനായി പലവിധപദ്ധതികളും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിനായി പലപദ്ധതികളും നടപ്പിലാക്കേണ്ടതാണ്.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ അവയുടെ രൂക്ഷത,അവയ്ക്കുള്ള കാരണങ്ങൾ**

ഈ മേഖലയിൽ നിലനിൽ്ക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങ.ൾ

1. സ്വന്തമായി വീട്ടും സ്ഥലവും ഇല്ലാത്തത്
2. സ്വയം തൊഴിൽസംരഭങ്ങൾ തുടങ്ങുവാനുള്ള സാമ്പത്തികബുദ്ധിമുട്ട്
3. സ്വന്തമായി ഭവനം ഉള്ളവർക്ക് മേൽപ്പുര റിപ്പയർചെയ്യുവാനുള്ള സാമ്പത്തികബുദ്ധിമുട്ട്
4. പട്ടികജാതികോളനികളുടെ, സമഗ്രവികസനത്തിനുള്ള ബുദ്ധിമുട്ട്
5. പട്ടികജാതി വിദ്യാർഥികൾക്ക് ഉപരിപഠനത്തിനുള്ള ബുദ്ധിമുട്ട്
6. പട്ടികജാതി വിദ്യാർഥികളുടെ യാത്രാപ്രശ്നം
7. ഈവിഭാഗത്തിലെ കർഷകർക്ക് കൃഷിക്കാവശ്യമായ ഉപകരണങ്ങളുടെ ലഭ്യതക്കുറവ്
8. തൊഴിലില്ലായ്മ
9. പരമ്പരാഗതതൊഴിൽമേഖലയിൽ അനുഭവപ്പെടുന്ന വിപണന ഉപാധികളുടെ അപര്യാപ്തത തുടങ്ങിയവയാണ് പ്രധാനപ്രശ്നങ്ങൾ.

ഇവയുടെ പ്രധാനകാരണങ്ങൾ സാമ്പത്തിക ബുദ്ധിമുട്ടാണ്. ഈ പദ്ധതികൾ നടപ്പിലാക്കാനാവശ്യമായ ഫണ്ടിന്റെ അപര്യാപ്തത വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

**പ്രശ്ന പരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യവും**

ഭൂരഹിത ഭവനരഹിതരായവർക്ക് സ്ഥലവും, വീട്ടും നിർമ്മിക്കുവാനായിപദ്ധതികൾനടപ്പിലാക്കുക, മേൽപ്പുര റിപ്പയർചെയ്യുവാൻ സാമ്പത്തികസഹായം ലഭ്യമാക്കുക, പട്ടികജാതി വികസനത്തിന് വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന പദ്ധതികൾ ഏകോപിപ്പിച്ച് സമഗ്രമായ കാഴ്ച്ചപ്പാടോടെ പദ്ധതി നടപ്പിലാക്കുക എന്നതാണ് പ്രശ്നപരിഹാരം

STATUS REPORT 2025-2026

1. വിദ്യാഭ്യാസം –ഉപരിപഠന സൗകര്യങ്ങൾ ലഭ്യമാക്കുക
2. ശാശ്വതമായ കുടിവെള്ള പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കുക,
3. കുടുംബത്തിന് ഭവനനിർമ്മാണധനസഹായം നൽകുക
4. സ്ഥലം ഇല്ലാത്തവർക്ക് വീട് വയ്ക്കാൻ സ്ഥലം നൽകുക
5. കൃഷിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുക
6. വിവാഹധനസഹായം വർധിപ്പിക്കുക
7. തൊഴിൽസംരഭങ്ങ.ൾ നടത്തുന്നതിന് ധനസഹായം ലഭ്യമാക്കുക
8. പരമ്പരാഗത തൊഴിൽമേഖലക്ക് ഊന്നൽ നൽകി മൂല്യ വർധിതഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തുക.

**പദ്ധതിക്കാലയളവിലും മുൻ വർഷങ്ങളിലും പഞ്ചായത്ത് നടത്തിയപ്രവർത്തനങ്ങളും അവയുടെ നേട്ടങ്ങളും കോട്ടങ്ങളും**

നടപ്പ് സാമ്പത്തിക വർഷം ....... പുതിയ വീടുകൾ ഏറ്റെടുക്കുന്നതിന് സാധിച്ചു. മേൽപ്പുര മാറ്റി സ്ഥാപിക്കൽ, ലൈഫ് ഭവനം പട്ടികജാതി വിഭാഗത്തിലെ 8ാം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങി നൽകൽ, പട്ടികജാതി വിഭാഗത്തിലെ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ, പട്ടികജാതി വിഭാഗത്തിലെ വനിതകൾക്ക് വാട്ടർ ടാങ്ക് നൽകൽ എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

പദ്ധതിക്കാലയളവിൽ മറ്റ് വകുപ്പുകൾ/ ഏജൻസികൾ/ സ്ഥാപനങ്ങൾനടത്തിയ പദ്ധതികളും അവയുടെ നേട്ടങ്ങളും കോട്ടങ്ങളും

ഭൂരഹിതരായവർക്ക് പട്ടികജാതിവികസന വകുപ്പ് വഴി സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകുകയും വീടില്ലാത്തവർക്ക് വീട് വച്ച് നൽകുകയും ചെയ്തു. കുട്ടികൾക്ക് പഠനമുറി വിവാഹധനസഹായം തൊഴിൽസംരഭങ്ങൾ എന്നിവ നടപ്പിലാക്കുന്നുണ്ട്.

**വികസന സാദ്ധ്യത**

ഇനിയും ഒരുപാട് വികസനപദ്ധതികൾ നടപ്പിലാക്കുന്നതിന് പല ഇടപെടലുകളും ഈ മേഖലയിൽനടത്തേണ്ടതായിട്ടുണ്ട്.

**ഏറ്റെടുക്കേണ്ട പ്രവർതത്തനങ്ങ.ൾ**

1.ഭവനനിർമ്മാണ പദ്ധതികൾ. നടപ്പിലാക്കുക
2.സ്വയം തൊഴിൽ ധനസഹായം നൽകുന്ന പദ്ധതികൾ നടപ്പിലാക്കുക
3. പരമ്പരാഗത തൊഴിൽമേഖലയെ സംരക്ഷിക്കുന്ന പദ്ധതികൾ നടപ്പിലാക്കുക
4. വിദ്യാർത്ഥികൾക്ക് പഠനമുറി ലഭ്യമാക്കുക
5. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് അനുവദിക്കുക
6.കോളനികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക.

**വനിത ശിശു വികസനം**

സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെയും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായസ്ത്രീകൾ,കുട്ടികൾ എന്നിവർക്ക് മുൻഗണന നൽകി വിവിധപദ്ധതികൾ നടപ്പിലാക്കി വരുന്നു. കുടുംബപ്രസ്ഥാനത്തിന്റെ ശാക്തീകരണം സ്ത്രീശാക്തീകരണത്തിന്റെ അടയാളമാണ്. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് വനിതാ വികസനം നടപ്പിലാക്കി സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുന്നു.

**നേട്ടങ്ങൾ**



STATUS REPORT 2025-2026

1. ആരോഗ്യ വിദ്യാഭ്യാസ മേഖലയിലേ പുരോഗതി
2. വനിതകളുടെ ഭരണ രംഗത്തുള്ള മുന്നേറ്റം
3. കുടുംബശ്രീ,ജാഗ്രതാ സമിതി എന്നിവയുടെ ശക്തമായഇടപെടൽ

**കോട്ടങ്ങൾ**

1. മാലിന്യ പ്രശ്നം,കാർഷിക മേഖലയുടെ തകർച്ച,സ്വയം തൊഴിൽ തുടങ്ങാനുള്ള ബുദ്ധിമുട്ട്,ചില സ്ഥലങ്ങളിലെ കുടിവെള്ള പ്രശ്നം

**മറ്റ് സ്ഥാപനങ്ങൾ നടത്തിയ പദ്ധതികളും അവയുടെ നേട്ടങ്ങളും കോട്ടങ്ങളും**

ആരോഗ്യവകുപ്പുമായിബന്ധപ്പെട്ട ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

**ഭാവിയിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ**

1. വനിതസ്വയം തൊഴിൽയൂണിറ്റുകൾ
2. സ്ത്രീ സുരക്ഷ,വയോജന ക്ളാസ്സുകൾ, കൗമാരപ്രായക്കാരായ കുട്ടികൾക്കുള്ള ബോധവത്ക്കരണ ക്ളാസ്സുകൾ,
3. നിയമ ബോധവത്ക്കരണം
4. ജൈവ പച്ചക്കറികൃഷി പ്രോത്സാഹനം

വിവിധ മേഖലകളിലെ പ്രവർത്തനങ്ങ.ൾ ഏകോപിപ്പിച്ച് മാർഗ്ഗനിർദ്ദേശങ്ങളും പിന്തുണയും നല്കിയാൽ സ്ത്രീകളുടെയും കുട്ടികളുടെയും സാമൂഹ്യ പദവിയും തൊഴിലും വരുമാനവും വർധിക്കുന്നതിന് വഴിയൊരുക്കുന്നു.

**<u>സാമൂഹ്യനീതി</u>**

**ഇന്നത്തെ അവസ്ഥ**

വടവന്നർ പഞ്ചായത്തിൽ 17 അംഗൻവാടികൾ പ്രവര്ത്തിച്ചുവരുന്നു. ഇതിൽ 15 എണ്ണത്തിന് സ്വന്തമായികെട്ടിടം ഉണ്ട്. ബാക്കിഉള്ളതിൽ ഒന്നിന് സ്വന്തം സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിയും ഫണ്ടും ലഭ്യമായിട്ടില്ല.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ അവയുടെ രൂക്ഷത,അവയ്ക്കുള്ള കാരണങ്ങൾ**

അടിസ്ഥാനസൗകര്യം, ഭൗതികസൗകര്യംഎന്നിവ മെച്ചപ്പെടുത്താത്തത് അംഗൻവാടി പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. നിലവിൽ 2 അംഗൺവാടികൾക്ക് വൈദ്യുതികണക്ഷൻ ഇല്ല ടി അംഗൺവാടികളിലേക്ക് വൈദ്യുതികണക്ഷൻ എടുക്കുന്നതിനായി ഈ സാമ്പത്തിക വർഷം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.3 അംഗൺവാടികളിലേക്ക് പുതിയ ശൌചാലയം നിർമ്മിക്കുന്നതിനും ,അംഗൺവാടികളിലേക്ക് ആവശ്യമായ ഫർണീച്ചർ വാങ്ങുന്നതിനും ഈ സാമ്പത്തിക വർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

കളിസ്ഥലം ഒരുക്കലിന്റെ പോരായ്മയും ഇവയുടെ പ്രവര്ത്തനത്തെ ബാധിക്കുന്നുണ്ട്.

**നേട്ടങ്ങൾ**

1. ആരോഗ്യപുരോഗതി



STATUS REPORT 2025-2026

2. സ്ത്രീശാക്തീകരണം
3. കൗമാര ക്ളബ്ബുകളുടെ മെച്ചപ്പെട്ടപ്രവർത്തനം

## മൃഗസംരക്ഷണവും ക്ഷീര വികസനവും

**ഇന്നത്തെ അവസ്ഥ**

വടവന്നൂര് ഗ്രാമപഞ്ചായത്തി.ൽ 19–ാം കന്നുകാലി സെൻസസ് പ്രകാരം 1350 പശുക്കൾ 27 പോത്ത്, 651 ആട്ടുകൾ, 4000 കോഴികൾ എന്നിവ ഉണ്ട്. കന്നുകാലി വളര്ത്തൽ ഒരു പ്രധാന വരുമാനമാർഗ്ഗമായി സ്വീകരിച്ച200ഓളം കർഷകരും, ഒരു ഉപതൊഴിലായി സ്വീകരിച്ച 400 ൽപ്പരം കർഷകരും ഈ പഞ്ചായത്തിലുണ്ട്. സ്ഥലലഭ്യത, ജനസാന്ദ്രതക്കുറവ്, പരമ്പരാഗതമായി കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർ മൃഗസംരക്ഷണത്തിൽ ഈ പഞ്ചായത്തിന്റെ മുതൽക്കൂട്ടാണ്.

മൃഗചികിത്സക്കായി ഒരു വെറ്ററിനറി ഡിസ്പെൻസറിയും പ്രാഥമിക ചികിത്സ കൃത്രിമബീജാധാനം ഇവക്കായി സബ് സെന്ററും ഉണ്ട്.കർഷകർ ഉത്പാദിപ്പിക്കുന്ന പാൽ വിപണനം ക്ഷീരവികസന വകുപ്പിന്റെ മേൽ നോട്ടത്തിൽ പാൽസൊസൈറ്റി പ്രവർത്തിക്കുന്നു. പ്രതിദിനം 1700 ലിറ്ററോളം പാൽ ഇവിടെ സംഭരിക്കുന്നു. ഈ സാമ്പത്തിക വർഷം കറവപശുവിന് കാലിത്തീറ്റ, മുട്ടഗ്രാമം, വെറ്ററിനറി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്

ക്ഷീര വികസനം

കൃഷിയുമായി സംയോജിച്ച പ്രവർത്തിക്കേണ്ട മേഖലയാകുന്ന കന്നുകാലി പരിപാലനം നമ്മുടെ . പഞ്ചായത്തിലെ കന്നുകാലി എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു. മുൻപ് അറിയപ്പെടുന്ന ക്ഷീര മേഖലയായിരുന്നുവെങ്കിലും പൊതു മേച്ചി ഇടങ്ങൾ തീറ്റപ്പുല്ലിന്റെ അഭാവം വളർത്തുവാനുള്ള പരിമിതികൾ എന്നിവ മൂലം പാലുത്പാദനം കുറഞ്ഞിരിക്കുന്നുവാൻ കൃഷിയിടങ്ങളിലെ . കാലിത്തൊഴുത്തുകൾ ഒഴിഞ്ഞു കിടക്കുന്നു.പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയാണെങ്കിൽ ഈ മേഖല പുനര്ജീവിപ്പിക്കാവുന്നവയാണ്

കൂടാതെ നാമമാത്ര കൃഷിയിടങ്ങൾ ഉള്ളവരും വീടിനോട്ട ചേർന്ന് കാലിത്തൊഴുത്തിൽ പശു പരിപാലനം നടത്തുന്നവരും ഏറെയാണ്

കൃഷി വകുപ്പ് നടത്തിയിരുന്ന ആത്മ പദ്ധതിയിൽ കൂടിയുള്ള സംയോജിത കൃഷി ഏറെ ഫലവത്തായിരുന്നു അതിനു സമാനമായ പ്രത്യേക പദ്ധതികൾ രൂപകൽപ്പന ചെയ്യേണ്ടതാണ്

സംയോജിത കൃഷിയിൽ പാലുത്പാദനം കോഴി താറാവ് ആട് എന്നിവയും മൽസ്യകൃഷിയും . സംയോജിച്ച നിര്വഹിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു

| |
|---|
| പഞ്ചായത്തു തല വിഭവ വിന്യാസ ഗ്രൂപ്പ് (പഞ്ചായത്ത് റിസോഴ്സ് ഗ്രൂപ്പ്നടത്തിയ വിവരശേഖരണത്തിൽ ( നിന്നും ഉരുത്തിരിഞ്ഞ കാരണങ്ങൾ |

**പ്രശ്നങ്ങൾ**

1. വൃത്തിയുള്ള /വായു സഞ്ചാരമുള്ള തൊഴുത്തില്ലാത്തത് മൂലം പശുക്കളിൽ കുളമ്പുരോഗം വരാനിടയാകുന്നു, പാലുത്പാദനം കുറയുന്നു
2. കാലിത്തീറ്റ വില വർധന
3. കൊടും വരൾച്ച സമയത്ത് കന്നുകാലികളെ മേയ്ക്കാൻ കഴിയാത്തതിനാൽ അധിക തീറ്റച്ചിലവ്

4. ആട്ടുവളർത്തൽ,മുട്ടക്കോഴി വളർത്തൽ എന്നിവയിൽ ഏര്പ്പെട്ടവരുടെ എണ്ണക്കുറവ്

**പരിഹാരങ്ങൾ**

1. ശാസ്ത്രീയമായ തൊഴുത്ത് നിർമ്മാണം
2. തീറ്റപ്പുല്ലകൃഷി പ്രോത്സാഹിപ്പിക്കൽ
3. കാലിത്തീറ്റ സബ്സിഡി നിരക്കില്  ലഭ്യമാക്കൽ
4. കൊടും വരൾച്ച സമയത്ത് കാലിത്തീറ്റ/ ധാതുലവണ മിശ്രിതം ലഭ്യമാക്കല്
5. ആട് വളർത്തൽ, മുട്ടക്കോഴി വളർത്തൽ ഇവ വ്യാപിപ്പിക്കുന്നതിനായി തൊഴിലുറപ്പ പദ്ധതിയിൽ ഉൾപ്പെടുത്തി ആട്ടിന്കൂട്/കോഴിക്കൂട് നിർമ്മാണം

**പദ്ധതിക്കാലയളവിലും മുൻ വർഷങ്ങളിലും പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളും അവയുടെ നേട്ടങ്ങളും കോട്ടങ്ങളും**

ജനകീയാസൂത്രണപദ്ധതിപ്രകാരം നിലവിൽ പാൽ അളക്കുന്ന കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നുണ്ട് കൂടാതെ അളക്കുന്ന പാലിന് ആനുബാധികമായി സബ്സിഡി തുകയും നൽകിവരുന്നു. മുട്ടക്കോഴികളെ സബ്സിഡി നിരക്കിൽ നൽകുന്നപദ്ധതി എന്നിവയും നല്കിയിട്ടുണ്ട്.

പദ്ധതിക്കാലയളവിൽ മറ്റ് വകുപ്പുകൾ/ഏജൻസികൾ/സ്ഥാപനങ്ങൾനടത്തിയ പദ്ധതികളും അവയുടെ നേട്ടങ്ങളും കോട്ടങ്ങളും

ഗോവർധിനി കന്നുകുട്ടിപരിപാലന പദ്ധതി 48 പേര്ക്ക്, കോഴിവളർത്തലിൽ  താത്പര്യമുള്ള 50 കുട്ടികള്ക്ക് കോഴിത്തീറ്റ മരുന്ന എന്നിവസൗജന്യമായി നൽകുന്ന പദ്ധതി, 2 പേര്ക്ക് ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്, 1 ക്ഷീരകർഷൻ കറവയന്ത്രം വാങ്ങുന്നതിന്  സഹായം നൽകൽ എന്നീ സംസ്ഥാനാവിഷ്കൃത പദ്ധതികളും 20 പേര്ക്ക് 10 മുട്ടക്കോഴികളെ സൗജന്യമായി നല്കൽ, 250 ക്ഷീര കർഷകര്ക്ക് വേനൽക്കാല ദുരിതാശ്വാസത്തിനായി ഓരോ ചാക്ക് കാലിത്തീറ്റ സൗജന്യമായി നല്കൽ എന്നീ കേന്ദ്രാവിഷ്കൃതപദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതി മുഖേന ആട്ടിൻകൂട് നിർമ്മാണം,തൊഴുത്ത് നിർമ്മാണം,കോഴിക്കൂട് നിർമ്മാണം എന്നിവ നൽകിവരുന്നു ആയത് വരുന്ന സാമ്പത്തിക വർഷത്തേ ആക്ഷൻ പ്ലാനിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങ.ൾ**

1. കന്നുകുട്ടി പരിപാലനം
2. കറവയുള്ള പശു/ എരുമ വിതരണം
3. മുട്ടക്കോഴി വിതരണം
4. സൌജന്യമായി കാലിത്തീറ്റ നൽകൽ
5. പുൽകൃഷിക്ക് സഹായം നൽകൽ

**<u>വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം</u>**

വടവന്നൂർ ഗ്രാമപഞ്ചായത്തിൽ  പൊതു വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന 8 സ്കൂളുകളാണ് ഉള്ളത്.ഒരു ഹൈസ്കൂളും, 3 അപ്പർപ്രൈമറി സ്കൂളുകളും. 4 ലോവർ പ്രൈമറി സ്കൂളുകളും നിലവിൽഉണ്ട് അതിൽ 3 സ്കൂൾ സർക്കാർ വിദ്യാലയമാണ്.മുൻ വർഷങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടനിലയിലാണ് ഇവ പ്രവര്ത്തിക്കുന്നത്. സംസ്ഥാനസർക്കാർ ,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിവിധ

STATUS REPORT 2025-2026

പദ്ധതികളുടെ ഫലമായി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട്. നല്ല ക്ലാസ് മുറികൾ, കംപ്യൂട്ടർ സൗകര്യംശുചിമുറികൾ എന്നീകാര്യങ്ങളിൽ സർക്കാർവിദ്യാലയങ്ങൾ മുന്നിലാണ്. പഠനത്തിൽ നല്ല നിലവാരം പുലർത്തുന്ന കുട്ടികൾക്ക് സ്കോളർഷിപ്പുക.ൾ നൽകിവരുന്നുണ്ട്. കൂടാതെ CWSN വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് SSA, ഗ്രാമപഞ്ചായത്ത്, ജില്ലാപഞ്ചായത്ത് എന്നിവ സംയുക്തമായി പ്രത്യേക സ്കോളർഷിപ്പുകളും ഫിസിയോതെറാപ്പി സ്പീച്ച്തെറാപ്പി ക്ലാസുകളും നടത്തിവരുന്നുണ്ട്. കലാകായികരംഗത്ത് മികവ് പുലർത്തുന്ന കുട്ടികളെകണ്ടെത്തുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി കലാകായിക അദ്ധ്യാപകരുടെ സേവനം സർക്കാർസ്കൂളുകളി.ൽ ലഭിച്ചുതുടങ്ങിയിട്ടുണ്ട്. പോഷകസമൃദ്ധമായ ഉച്ചഭക്ഷണം, സൗജന്യയൂണിഫോം, പാഠപുസ്തകം, ഓണം പോലെയുള്ള ഉത്സവകാലത്ത് നിശ്ചിത അളവ് അരി എന്നിവയും നല്കിവരുന്നുണ്ട്. പെൺകുട്ടികൾക്ക് തൈക്കോണ്ടോ പരിശീലനവും നൽകിവരുന്നു.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ അവയുടെ രൂക്ഷത, അവയുള്ള കാരണങ്ങൾ**

പൊതുവിദ്യാഭ്യാസമേഖലയെ മെച്ചപ്പെടുത്തുന്നതിന്ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, ഉയർന്നനിലവാരത്തിലുള്ളപഠനാന്തരീക്ഷം സൃഷ്ടിക്കുക എന്നിവ അത്യന്താപേക്ഷിതമാണ്. അൺഎയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ആകൃഷ്ടരായ മാതാപിതാക്കളെ ബോധവത്ക്കരിക്കുക. അതോടൊപ്പം കുട്ടികളെ സ്കൂളുകളി.ൽ എത്തിക്കുന്നതിനാവശ്യമായ വാഹനസൗകര്യവും ലഭ്യമാക്കേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം വിദ്യാലയങ്ങൾ ആകർഷണീയവും മനോഹരവുമാക്കി മാറ്റേണ്ടതാണ്. പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങളുടെ കുറവ്, ഫർണിച്ചറുകൾപാത്രങ്ങൾ എന്നിവയുടെ അപര്യാപ്തത എന്നിവ നേരിടുന്ന പ്രശ്നങ്ങളാണ്.

**പ്രശ്നപരിഹാരങ്ങ.ൾ**

പി.ടി.എ, എസ്.എം.സി, എസ്.എസ്.എ എന്നിവ സജീവമാവുകയും ഗ്രാമസഭകൾ, കുടുംബശ്രീ, NREWS എന്നിവയുടെ യോഗങ്ങ.ൾ വിദ്യാഭ്യാസാവശ്യങ്ങൾക്ക് കാര്യക്ഷമമായി ഉപയോഗപ്പെടുത്തുക.ഇത്തരം ഔദ്യോഗിക സംവിധാനങ്ങളിൽ, വിദ്യാഭ്യാസം മുഖ്യ അജണ്ടയായികൊണ്ടുവരികയും രക്ഷിതാക്കളുടെ സാന്നിദ്ധ്യം കൃത്യമായി ഉറപ്പു വരുത്തുകും ചെയ്യുക, അതുവഴി രക്ഷിതാക്കളേയും പൊതുസമൂഹത്തേയും പൊതുവിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമാക്കി മാറ്റാൻ കഴിയണം.

**നേട്ടങ്ങളും കോട്ടങ്ങളും**

മുൻവർഷങ്ങളിലെ സാമ്പത്തിക പദ്ധതിയിലുൾപ്പെടുത്തി കഴിഞ്ഞ വർഷം വിദ്യാരംഗം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ പെൺകുട്ടികൾക്ക് തെക്കോണ്ടോ പരിശീലനം എന്നിവ നൽകിവരുന്നു.

**വികസന സാദ്ധ്യതകൾ,**

എല്ലാസ്കൂളുകളിലും ഡിജിറ്റൽക്ലാസ്സുറി സജ്ജീകരിച്ച്ഐ.ടി പഠനസാധ്യതകൾഉറപ്പുവരുത്തുക, ഇതിനായി കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി എല്ലാസ്കൂളുകൾക്കും ലാപ്ടോപ്പ് മുതലായ പഠനോപകരണങ്ങള് ലഭ്യമാക്കുക ഇംഗ്ലീഷ് മീഡിയം ഇല്ലാത്ത സ്കൂളുകളിൽ അതാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക കായികം, കല, സംഗീതം എന്നീവിഭാഗങ്ങളിലും അധ്യാപകരെ നിലനിർത്തുകയും അവരുടെ സേവനം മെച്ചപ്പെടുത്തുകയും ചെയ്യുക പ്രാഥമിക വിദ്യാഭ്യാസം നേടാത്തപ്രായ പൂർത്തിയായവരുണ്ടെങ്കിൽ അവരെ കണ്ടെത്തി പഠനസൗകര്യം ഉണ്ടാക്കിക്കൊടുക്കുക, ഹരിതകേരളത്തിന്റെ ഭാഗമായി അടുക്കളത്തോട്ടം, ജൈവമാലിന്യ സംസ്കരണ സംവിധാനം,



STATUS REPORT 2025-2026

സോളാർഇലക്ട്രിക് സംവിധാനം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ വേണ്ട നടപടികൾ കൈക്കൊള്ളുക.

**ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ**

- കുട്ടികളിൽവായനാശീലം വളർത്തുന്നതിനായി ലൈബ്രറി സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ഫണ്ട് അനുവദിക്കുക, പഠനവീടുകൾ മുതലായവ സംഘടിപ്പിക്കുക
- പഠനത്തിൽമുന്നിൽനിൽക്കുന്ന കുട്ടികൾക്കായി വേനലവധി ക്യാമ്പുക.ൾസംഘടിപ്പിക്കുക
- വിദ്യാലയങ്ങളുടെ അക്കാദമികനിലവാരം 3 മാസത്തിലൊരിക്കൽവിലയിരുത്തുന്നതിനായി മോണിട്ടറിംഗ് കമ്മിറ്റികൾരൂപീകരിക്കുക
- സ്കൂൾഅടുക്കളയിലേക്കാവശ്യമായ പാത്രങ്ങ.ൾ വാങ്ങാനുള്ള സാമ്പകത്തിക സഹായം ഏർപ്പെടുത്തുക
- സ്കൂളുകൾഹൈടെക് ആക്കുന്നതിനുള്ള മേന്മ പദ്ധതിക്ക സഹായമായരീതിയിൽ കംപ്യൂട്ടർ റൂമുകൾ മറ്റ് ഐടി സംവിധാനങ്ങൾലഭ്യമാക്കുക
- അയൽസഭകൾ, ഗ്രാമസഭകൾ,എൻആർഇജിഎസ് യോഗങ്ങൾ എന്നിവയിൽ സ്കൂളുകാർ ഇടപെട്ട് രക്ഷിതാക്കളെ ബോധവത്ക്കരിക്കാനുള്ള സംവിധാനം ഉണ്ടാക്കുക
- സാക്ഷരതാപദ്ധതി,തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി തുടർന്നും നടത്തുക
- വായനാശാലകൾക്ളബ്ബുകൾ എന്നിവ നല്ല രീതിയിൽനടക്കുന്നതിനുവേണ്ട സാമ്പത്തിക സഹായം നൽകുക
- ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിനുവേണ്ട ബോധവത്ക്കരണക്ളാസുകൾ വിദ്യാർഥികൾ, രക്ഷിതാക്കൾ, യുവാക്കൾ എന്നിവർക്ക്സ്വീകരിക്കുക.
- ഗവ.യുപി സ്കൂളിൽഒരു കിണർനിർമ്മിക്കുന്നതിന് വേണ്ടനടപടികൾ സ്വീകരിക്കുക
- ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന്സ്കൂളുകളിൽ ജല ശുദ്ധീകരണ സംവിധാനങ്ങൾ സജ്ജീകരിക്കുക

**<u>പൊതുമരാമത്ത്</u>**

**ഇന്നത്തെ അവസ്ഥ**

മുഴുവൻവാർഡുകളിലും റോഡുകൾ എത്തിയിട്ടുണ്ടെങ്കിലും നടപ്പാതകളുടെയും ഉൾനാടൻ റോഡുകളുടെ പുനരുദ്ധാരണം ഇപ്പോഴും ജനങ്ങളുടെ ആവശ്യമായി ഉയർന്ന് വരുന്നുണ്ട്. പാലങ്ങളുടെ നിർമ്മാണം, പൊതുകെട്ടിടങ്ങളുടെ നവീകരണം, കനാലുകൾക്കും ചെറുപുഴകൾക്കും കുറുകെയുള്ള പാലങ്ങള എന്നിവയും വിവിധവാർഡുകളിലെ ആവശ്യങ്ങളാണ്. പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കാവശ്യമായ മുഴുവൻതുകയും ഒന്നിച്ച് വകയിരുത്താൻ കഴിയാതെ വരുന്നുണ്ട്. ത്രിതല പഞ്ചായത്തുകളും മറ്റ് വകുപ്പുകൾ അനുവദിക്കുന്നഫണ്ടും ഈ മേഖലയിൽ അപര്യാപ്തമാണെന്നാണ് കണ്ടുവരുന്നത്. ഉയർന്ന സാമ്പത്തികചെലവ് വരുന്ന വന്കിട പ്രൊജക്ടുകൾ ഇതുമൂലം പുതിയതായി ഏറ്റെടുക്കാൻ കഴിയാതെ വരുന്നുണ്ട്.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ അവയുടെ രൂക്ഷത,അവയ്ക്കുള്ള കാരണങ്ങൾ**

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽനിന്നും വിവിധ മേഖലകൾക്കുള്ള നിർബന്ധിത വകയിരുത്തലുകൾക്കുശേഷം പശ്ചാത്തലവികസനത്തിനായി വകയിരുത്തുന്നതിന് പര്യാപ്തമായ ഫണ്ട് ലഭിക്കുന്നില്ല. കാലവർഷക്കെടുതിയിലും മറ്റും തകരുന്ന റോഡുകള്ക്കായുള്ള ദുരന്തനിവാരണഫണ്ടിന്റെയും ലഭ്യത അപര്യാപ്തമാണ്. ചേർന്നുള്ള റോഡുകളുടെ നവീകരണത്തിനായി വൻതുക ആവശ്യമുണ്ട്. നിലവിലുള്ള പൊതുകെട്ടിടങ്ങളുടെ അറ്റ കുറ്റപ്പണികളും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. പുഴകൾക്കുകുറുകെ ആവശ്യമായ സ്ഥാനങ്ങളിൽ, പാലങ്ങൾ നിർമ്മിച്ചാൽ യാത്രാദൂരം ഗണ്യമായി കുറക്കാൻകഴിയും

**പ്രശ്നപരിഹാരമാർഗ്ഗങ്ങൾ**

ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണികള്ക്കും പുനരുദ്ധാരണത്തിനുമായി പദ്ധതി വിഹിതം, ബ്ളേക്ക് ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ, എംപി., എംഎൽഎ മറ്റ് സർക്കാർഗ്രാൻറുകൾ എന്നിവലഭ്യമാക്കി സമഗ്രപദ്ധതി തയാറാക്കുക, സ്ട്രീറ്റ് ലൈൻഎക്സ്റ്റൻഷനും സമ്പൂർണ്ണ വൈദ്യുതീകരണത്തിനുമായി സര്ക്കാർ സഹായത്തോടെ മുഴവൻഫണ്ടും ലഭ്യമാക്കുക എന്നിവയാണ് പ്രധാന പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ.

**പദ്ധതിക്കാലയളവിലും മുൻ വർഷങ്ങളിലും പഞ്ചായത്ത് നടത്തിയപ്രവർത്തനങ്ങളും അവയുടെ നേട്ടങ്ങളും കോട്ടങ്ങളും**

മുൻപദ്ധതിക്കാലങ്ങളിൽ പദ്ധതി വിഹിതത്തിന്റെ 30 ശതമാനം തുക വകയിരുത്തി പൊതുമരാമത്ത് പ്രവർത്തികൾ ഏറ്റെടുത്തു. എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിലും റോഡുകൾ എത്തി. പുതിയ റോഡുനിർമ്മാണ പ്രവർത്തനങ്ങൾക്കായി ത്രിതല പഞ്ചായത്ത് ഫണ്ട്

ഉപയോഗിക്കാൻ കഴിഞ്ഞത് നേട്ടമായി. ഓരോ വർഷവും ലഭ്യമാകുന്ന പദ്ധതി ഫണ്ട് നാമമാത്ര മായതിനാൽ ഓരോ റോഡുകളുടെയും നിർമ്മാണ അറ്റകുറ്റപ്പണികൾ ഘട്ടംഘട്ടമായി പല വർഷങ്ങളിലായി ചെയ്യേണ്ടിവരുന്നു.

നീര്ത്തടങ്ങളുടെ ജലലഭ്യതയും ഫലഭൂയിഷ്ഠതയും നിലനിർത്തിക്കൊണ്ടും ജലസ്രോതസ്സുകൾ നിലനിർത്തിക്കൊണ്ടുമുള്ള വികസന മാതൃകകളാണ് സൃഷ്ടിക്കേണ്ടത്. പ്രധാനമായും നാടിന്റെ മുഖച്ഛായതന്നെ മാറ്റാൻകഴിയുന്ന വൻകിട പദ്ധതികൾനമുക്ക് നടപ്പിലാക്കാൻകഴിയും.

<u>**കുടിവെള്ളം, ശുചിത്വം മുതലായവ**</u>

വടവന്നൂര് ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളിലും കുടിവെള്ളം ലഭിക്കുന്നുണ്ടെങ്കിലും പൂർണ്ണമായി എത്തിക്കുവാൻകഴിഞ്ഞിട്ടില്ല. 2011–12 മുതൽ ജലനിധി പദ്ധതി വടവന്നൂര് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നുണ്ട്. ഇതുമൂലം കുടിവെള്ളപ്രശ്നത്തിന് പരിഹാരം കാണാൻകഴിയുന്നതാണ് ജൽജീവൻമിഷൻകുടിവെള്ള പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതോടുകൂടി കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ സാധിക്കുന്നതാണ്.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ അവയുടെ രൂക്ഷത,അവയ്ക്കുള്ള കാരണങ്ങൾ**

പഞ്ചായത്തിന്റെ 25 ശതമാനം പ്രദേശത്ത് കുടിവെള്ളലഭ്യത കുറവുള്ള തായിക്കാണുന്നു. ഫണ്ടിന്റെ അഭാവം മൂലം വലിയ കുടിവെള്ളപദ്ധതികൾ വിഭാവനം ചെയ്യാൻ സാധിക്കാതെ വരുന്നു.

**പ്രശ്നപരിഹാരമാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യവും**

കുടിവെള്ളക്ഷാമം പൊതുവായി പരിഹരിക്കുന്നതിന് ത്രിതല പഞ്ചായത്തിന്റെ സഹായത്തോടും ജലനിധിപദ്ധതിയിലൂടെയും പരിഹരിക്കാൻ കഴിയുമെന്നത് പരിഹാരമായിക്കാണുകയും ശുദ്ധമായ കുടിവെള്ളം ലഭിക്കണമെന്നത് ജനങ്ങളുടെ ആവശ്യമായിക്കാണുന്നു. ഇതിന് വിവിധപദ്ധതിക.ൾ

STATUS REPORT 2025-2026

ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. ജൽജീവൻ മിഷൻ മിഷൻ വഴി പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും കുടിവെള്ള കണക്ഷൻ എത്തിക്കുക.

**പദ്ധതിക്കാലയളവിലും മുൻ വർഷങ്ങളിലും പഞ്ചായത്ത് നടത്തിയപ്രവർത്തനങ്ങളും അവയുടെ നേട്ടങ്ങളും കോട്ടങ്ങളും**

സ്വാശ്രയ കുടിവെള്ള പദ്ധതികൾ രൂപീകരിച്ച് കുടിവെള്ളക്ഷാമം പരമാവധി പരിഹരിക്കാൻകഴിഞ്ഞത് നേട്ടമായും ചിലസ്ഥലങ്ങളി.ൽ ഇതിന് കഴിയാത്തത് കോട്ടമായും കാണുന്നു.

**പദ്ധതിക്കാലയളവിൽ മറ്റ് വകുപ്പുകൾ/ഏജൻസികൾ/സ്ഥാപനങ്ങൾ നടത്തിയപദ്ധതികളും അവയുടെ നേട്ടങ്ങളും കോട്ടങ്ങളും**

എംപി., എം.എൽ.എഎഫി കേരള സർക്കാർ ത്രിലപഞ്ചായത്തുകൾവഴി കുടിവെള്ളപദ്ധതികൾ രൂപീകരിച്ച് സ്വാശ്രയഗ്രൂപ്പുകൾക്ക് കൈമാറി പരമാവധി കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**വികസന സാധ്യതകൾ**

ത്രിതലപഞ്ചായത്തുകളുടെ സഹായത്തിലും ജലനിധി പദ്ധതിയിലൂടെയും സ്വാശ്രയകുടിവെള്ള പദ്ധതികൾശക്തിപ്പെടുത്തുന്നതിലൂടെയും ജലാശയങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലൂടെ ആഴംകൂട്ടിയും കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കുന്നതാണ്.

**<u>പ്രാദേശിക സാമ്പത്തിക വികസനം,സഹകരണം മുതലായവ</u>**

ചെറുകിടവ്യവസായം, സ്വയം തൊഴിൽ എന്നിവ കുടുംബശ്രീ സ്വയംസഹായ സംഘങ്ങൾ മുഖേന നടപ്പിലാക്കി വരുന്നുണ്ടെങ്കിലും ഈ മേഖലയിലേക്ക് ആരും കടന്ന് വരുന്നില്ല.(വടവന്നൂർ ഗ്രാമ പഞ്ചായത്തിൽ നിലവിൽ 232 ഗ്രൂപ്പുകൾ ഉണ്ട്.) ഉത്പാദനമേഖലയിൽ എടുത്തു പറയത്തക്ക യൂണിറ്റുകൾഒന്നും തന്നെ ഇല്ല. ബോധവത്ക്കരണത്തിന്റെ ആവശ്യമുണ്ട്. തൊഴിലുറപ്പപദ്ധതി വന്നതോടെ കുടുംബവരുമാനത്തിൽ വര്ധനവ് ഉണ്ടാവുകയി. അതുമൂലം റിസ്ക് ഉത്തരവാദിത്വം കൂടുതലുള്ളമേഖലയായ തൊഴിൽ സംരംഭത്തിലേക്ക് വരുവാൻ താത്പര്യം കാണിക്കുന്നില്ല.

**നിലനിൽക്കുന്ന പ്രശ്നങ്ങൾ അവയുടെ രൂക്ഷത, അവയ്ക്കുള്ള കാരണങ്ങൾ**

ചെറുകിടവ്യവസായത്തിൽ ഉത്പാദിപ്പിക്കുന്നവ പൊതുമാർക്കറ്റിൽ വിതരണം ചെയ്യുന്ന വൻകിട വ്യവസായികളെ മറികടക്കാൻ ബുദ്ധിമുട്ട് ഉണ്ട്. സർക്കാർ തലത്തിൽ ഉത്പാദനത്തിന്റെ തോത് അനുസരിച്ച് സബ്സിഡി അനുവദിച്ചാൽ ഇത് പരിഹരിക്കാവുന്നതാണ്

**പ്രശ്നപരിഹാരമാർഗ്ഗങ്ങൾ**

ചെറുകിടസംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് പരിശീലനങ്ങൾ നൽകേണ്ടതും വായ്പയും സബ്സിഡിയും നൽകേണ്ടത് ആവശ്യമാണ്.

**പദ്ധതിക്കാലയളവിലും മുൻ വർഷങ്ങളിലും പഞ്ചായത്ത് നടത്തിയപ്രവർത്തനങ്ങളും അവയുടെ നേട്ടങ്ങളും കോട്ടങ്ങളും**

അയൽക്കൂട്ടങ്ങൾക്ക് റിവോൾവിങ് ഫണ്ട് നൽകിയിട്ടുണ്ട്

STATUS REPORT 2025-2026

**പദ്ധതിക്കാലയളവിൽ മറ്റ് വകുപ്പുകൾ/ഏജൻസികൾ/സ്ഥാപനങ്ങൾനടത്തിയപദ്ധതികളും അവയുടെ നേട്ടങ്ങളും കോട്ടങ്ങളും**

ബ്ലോക്ക് പഞ്ചായത്ത് മുഖേനയും എസ്ജിവൈ പദ്ധതി പ്രകാരവും വിവധ ചെറുകിട സംരംഭങ്ങൾക്ക് സബ്സിഡിയോടുകൂടി വായ്പയും റിവോൾവിങ് ഫണ്ടും അനുവദിച്ച് നൽകിയിട്ടുണ്ട്.

**വികസന സാധ്യതകൾ**

വികസന സാധ്യതകൾഏറെയുള്ളവടവന്നൂർ ഗ്രാമപഞ്ചായത്തിൽ വ്യത്യസ്തമേഖലകളിൽവിവിധങ്ങളായ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുക, കാർഷിക മേഖലയായതിനാനൽ പച്ചക്കറികൾ ഉപയോഗിച്ചുള്ള വറ്റൽ ഉത്പാദന യൂണിറ്റുകൾ തുടങ്ങുക,റെഡിമെയ്ഡ് വസ്തുനിർമ്മാണ യൂണിറ്റ് എന്നിവക്ക് സാധ്യതകൾ ഏറെയാണ്.

**ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ**

ക ചെറുകിട സംരംഭങ്ങൾക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുക
2. അയൽക്കൂട്ടങ്ങൾക്ക് മല്ലി,മുളക് മുതലായവ പൊടിച്ച് വില്ക്കുന്നതിന് യൂണിറ്റ്
3. കൊണ്ടാട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റ്
4. തയ്യൽമെഷീൻവാങ്ങിക്കൊടുത്ത് തൊഴിലവസരങ്ങളുണ്ടാക്കൽ, ഗാർമെൻറ് മേക്കിംഗ് യൂണിറ്റ് തുടങ്ങ.ൽ
5. കൈത്തറി നിര്മ്മാണം, മണ്പാത്രനിർമ്മാണം, കയർഉത്പന്നങ്ങ.ൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ്
6. അംഗൻവാടികളിലേക്കുള്ള പോഷകാഹാരം ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള യൂണിറ്റ്

<u>**ജൈവ വൈവിദ്ധ്യ മാനേജ്മന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം**</u>

<u>ഈ വർഷത്തെ പ്രളയക്കെടുതിമൂലമുള്ള കാർഷിക അവസ്ഥ</u>

കഴിഞ്ഞ വർഷത്തേപോലെ ഈ വര്ഷം മുൻപൊരിക്കലും സാക്ഷ്യം വഹിച്ചിട്ടില്ലാത്ത മഴവെള്ളകെടുതികൾ മൂലം കൃഷിക്കും മറ്റു കാർഷിക സംവിധാനങ്ങൾക്കും ഒട്ടേറെ നാശനഷ്ടം സംഭവിച്ചു.

നെൽകൃഷി പൂർണമായും നശിച്ചത് കുറവാണെങ്കിലും മഴക്കെടുതിയോടനുബന്ധിച്ചു ബാക്റ്റീരിയൽ ഇലവാട്ടം മറ്റു കുമിൾ രോഗങ്ങൾ എന്നിവ മൂലവും വിളവിനെ സാരമായി ബാധിച്ച രീതിയിൽ ഉള്ള നാശനഷ്ടങ്ങളും ഉണ്ടായി.

നാളികേരം മറ്റു ഇഞ്ചി മഞ്ഞൾ മുതലായ വിളകൾ എന്നിവയുടെ നഷ്ടം ഗൗരവമുള്ളതായിരുന്നില്ല മണലും മണ്ണും എക്കലും വന്നടിന്നതു മൂലവും കുത്തൊഴികൾ നേരിയ ഉരുൾപൊട്ടൽ മൂലവും നേരിയ തോതിലുള്ള വിസ്തൃതിയിൽ ഭൂമിയുടെ നഷ്ടവും സംഭവിച്ചിട്ടുണ്ട് .

STATUS REPORT 2025-2026

<u>വയോജനങ്ങൾ</u>

വാർഷിക പദ്ധതിയിൽ ഉൾപെടുത്തി വയോജനങ്ങൾക്ക് കട്ടിൽ വിതരണം നടത്തിവരുന്നുണ്ട്. (എസ്.സി). വരുവർഷങ്ങളിൽ വയോജനങ്ങൾക്കായി പുതിയ പദ്ധതികൾ വിഭാവനം ചെയ്യേണ്ടതുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വയോജനങ്ങൾക്ക് വാര്ദ്ധകകാല അസുഖങ്ങൾക്ക് വിദഗ്ധ ചികിൽസലഭ്യമാക്കുന്നതിന് ഇൻഷൂറൻസ് പരിരക്ഷ ലഭ്യമാക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്. വയോജനങ്ങൾക്കായി ക്ലബ്, വയേജനങ്ങൾക്കായി പ്രത്യേക കെട്ടിടം എന്നിവ നിർമ്മിക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് നൽകിയ സ്നേഹവീടിൽ ആവശ്യമായ അടിസ്ഥാന സൌകര്യം ഒരുക്കി പഞ്ചായത്തിലെ നിർദ്ധരരായ വയോജനങ്ങളെ പാർപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഉപസംഹാരം

വികലവും അശാസ്ത്രീയവുമായ വികസനനയമാണ് ഇന്ന് നിലനിൽക്കുന്നത്. സ്ഥാപനവൽക്കരിച്ച് നിക്ഷിപ്ത താല്പര്യങ്ങളും ഡിപ്പാർട്ടുമെന്റുകളുടെ കടലാസുവികസനവും ജനവിരുദ്ധമാണെന്നു കാണാൻ പ്രയാസമില്ല. വെള്ളവും വെളിച്ചവും റോഡും വികസനം എന്ന തിരിച്ചറിവ് നവവികസനരേഖക്ക് പുതിയ മാനം നൽകുന്നു. കാർഷിക വ്യാവസായിക മേഖലകളുടെ വളർച്ചയിലൂന്നിയ വികസനോപാധിയാണ് നമുക്കാവശ്യം.

വികസന മേഖലയിൽ അഴിമതി സാർവത്രികമായിരിക്കുന്ന ഒരു വിപര്യയദിശയുടെ ഭാഗമായിരിക്കുന്നു നമ്മൾ . ജാഗ്രത്തായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ, വമ്പിച്ച ജനപങ്കാളിത്തത്തോടുകൂടിയ മുന്നേറ്റത്തിലൂടെ മാത്രമേ വികസനപ്രക്രിയ ഊർജ്ജസ്വലമാക്കാനാവുകയുള്ളൂ

സാമ്പത്തികമാണ് വികസനത്തിന്റെ അടിസ്ഥാനമെന്നിരിക്കേ ഫണ്ട് സമാഹരണത്തിന് പുതിയ വഴികൾ കണ്ടെത്താൻ ഗ്രാമപഞ്ചായത്തിനു കഴിയണം. സാദ്ധ്യമായ പദ്ധതികളുമായി സർക്കാരിതര ഏജൻസികളെ സമീപിച്ച് ഫണ്ട് ശേഖരിക്കാനുള്ള ശ്രമങ്ങളുണ്ടാവണം.

പ്രശ്നങ്ങളെ മനോനിഷ്ഠമായി വിലയിരുത്തുമ്പോഴാണ് സാമൂഹിക രാഷ്ട്രീയരംഗങ്ങളിൽ പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. സാദ്ധ്യമായ മുഴുവൻ തെളിവുകളും നിരത്തി, വസ്തുനിഷ്ഠവും ശാസ്ത്രീയവുമായ സമീപനത്തിലൂടെ പ്രശ്നങ്ങളെ നേരിടുകയാണെങ്കിൽ അനാരോഗ്യകരമായ തർക്കവിതർക്കങ്ങൾ ഒഴിവാക്കാവുന്നതേയുള്ളൂ. വിഭവഭൂപടങ്ങൾ, സർവ്വേറിപ്പോർട്ടുകൾ തുടങ്ങിയവ ഏതു വികസനത്തിന്റേയും അടിത്തറയായി കാണാവുന്നതാണ്.

കാര്യക്ഷമവും ജനകീയവുമായ മാനദണ്ഡങ്ങളെ ആധാരമാക്കിവേണം മുൻഗണനാക്രമം നിർണ്ണയിക്കുവാൻ. മുൻഗണനാക്രമത്തിൽ ദീർഘവീക്ഷണത്തോടുകൂടിയ പദ്ധതികൾ പഞ്ചായത്തുകൾക്ക് ഉണ്ടാവണം.

STATUS REPORT 2025-2026

പഞ്ചായത്തിന് സ്വാശ്രയത്വം നേടാനുള്ള ശ്രമത്തിൽ സാങ്കേതികവും ഔദ്യോഗികവുമായ തടസ്സങ്ങൾ ഏറെയാണ്. നമ്മുടെ നാടിന്റെ നിജസ്ഥിതി ഗ്രാമസഭകളിൽ വ്യക്തമായതാണ്. ജനഹിതം മാനിച്ചുകൊണ്ട് കാര്യക്ഷമമായി പ്രവർത്തിക്കാൻ ജനപ്രതിനിധികൾക്ക് ബാദ്ധ്യതയുണ്ട്.

ലഭ്യമായ പ്രാദേശികപ്രത്യേകകളും പ്രകൃതി വിഭവങ്ങളും പരമാവധി സാദ്ധ്യതകളും പ്രയോജനപ്പെടുത്തി, ചരിത്ര സാഹചര്യ ബന്ധങ്ങള വിലയിരുത്തി പ്രായോഗികബുദ്ധിയുടെ അടിസ്ഥാനത്തിൽ പദ്ധതികൾക്ക് രൂപം നൽകാൻ കഴിയും.

താഴേത്തട്ടിൽ നിന്നുള്ള ഈ പുത്തൻ വികസനപ്രക്രിയ ജനാധിപത്യപരമായ പുതിയ മാനങ്ങൾ നൽകാൻ കൂടി പര്യാപ്തമാണ്. ഈ ജനകീയമുന്നേറ്റം ചിരസ്ഥായിയായ ജനകീയപദ്ധതികൾ ശീഘ്രഗതിയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ സഹായകമാവും.

കേരളത്തിലെ ഒരു സുപ്രധാന നാഴികക്കാണ് ജനകീയാസൂത്രണ പ്രസ്ഥാനം. മഹത്തായ ഈ പ്രസ്ഥാനത്തിന്റെ പ്രതീക്ഷ ആസന്നഭാവിയിൽ തന്നെ ഫലവത്താകുമെന്ന പ്രത്യാശയോടെ ഈ സ്റ്റാറ്റസ് റിപ്പോർട്ട് സമർപ്പിക്കുന്നു.

**കെ.എസ്. സക്കീർ ഹുസൈൻ**
പ്രസിഡണ്ട്
വടവന്നൂർ ഗ്രാമപഞ്ചായത്ത്

STATUS REPORT 2025-2026